Kandanad

Diocesan

Bulletin

Vol. 12, No. 7, 15 July 2024

എഡിറ്റോറിയൽ

# അനിവാര്യമായ ആരാധനാപരിഷ്കരണം

ആരാധനാരീതികളുടെയും ക്രമങ്ങളുടെയും പരിഷ്കരണം സഭാജീവിതത്തിൽ വിപുലമായ ചർച്ചകൾക്ക് വഴി തുറന്നിട്ടുള്ള വിഷയങ്ങളാണ്. ഓരോ സഭാ പാരമ്പര്യങ്ങളിലും അതാതിന്റെ വേദശാസ്ത്രവും ചരിത്രവും അനുസരിച്ച് തന്നെയായിരിക്കും ആരാധനാക്രമങ്ങൾ ചിട്ടപ്പെടുത്തുന്നത്. അതായത് ആരാധനാക്രമങ്ങൾ പഠിച്ചാൽ സഭ മുന്നോട്ടുവയ്ക്കുന്ന വേദശാസ്ത്രം എന്ത് എന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ഇതോടൊപ്പം നാം അഭിമുഖീകരിക്കേണ്ട മറ്റൊരു ചോദ്യം കൂടിയുണ്ട്. ആരാധനാക്രമങ്ങൾ കാലാനുവർത്തിയോ എന്നത്. കാരണം ഇവ ഓരോന്നും വിരചിതമായത് ഓരോ ചരിത്രഘട്ടത്തിലാണ് എന്നതും അതിന്റെ ഭാഷ ഉപയോഗിക്കുന്ന അടയാളങ്ങൾ (symbols), രീതികൾ എന്നിവ പുതിയ കാലത്തോടും പ്രത്യേകിച്ച് സഭാജീവിതത്തോടും സംസാരിക്കാതെ വരുന്നുണ്ടോ എന്നതും വിചിന്തനം ചെയ്യപ്പെടേണ്ട വസ്തുതയാണ്. ആരാധനാക്രമങ്ങളുടെ വേദശാസ്ത്രം സഭയുടെ വേദശാസ്ത്രമാണ് എന്നതും അതിന്റെ അനുഭവവും ഉള്ളടക്കവും കാലഘട്ടത്തിനനുസരിച്ച് മാറേണ്ടതാണോ എന്ന ചോദ്യവും നാം നിരന്തരം ചോദിക്കേണ്ട വിഷയങ്ങളാണ്.

മലങ്കരസഭയിൽ ഉപയോഗിക്കുന്ന ആരാധനാക്രമങ്ങൾ എല്ലാം തന്നെ പാശ്ചാത്യ സുറിയാനി പാരമ്പര്യങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. അവ ഓരോന്നും ഇന്നും കൃത്യമായ മാറ്റങ്ങൾ ഒന്നും വരുത്താതെയാണ് നാം ഉപയോഗിച്ചുവരുന്നത്. മനോഹരമായ ഈ ആരാധനാപാരമ്പര്യത്തിൽ പങ്കുകാരായതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ അത് നമ്മുടെ കാലത്തിനും ഭാഷയ്ക്കും അടയാളങ്ങൾക്കും അനുസൃതമായി പുനരാവിഷ്കരിച്ചാൽ അത് സഭാജീവിതത്തിന് നൽകുന്ന സംഭാവന വലുതായിരിക്കും. ഇങ്ങനെ പറയാൻ കാരണം ആരാധന അനുഷ്ഠാനപരമായ പ്രതികരണമല്ല, പ്രത്യുത ദൈവസാന്നിധ്യം അനുഭവിക്കുന്ന വിശ്വാസിയിൽ നിന്നുയരുന്ന രക്ഷയുടെ സന്തോഷമാണ്. കാരണം കൂദാശയെ പൗരസ്ത്യ പാരമ്പര്യം മനസ്സിലാക്കുന്നത് ദൈവസാന്നിധ്യത്തിലേക്കുള്ള പ്രവേശനം ആയിട്ടാണ്.

ഈ നിലയിൽ കൂദാശയെ കാണുമ്പോൾ ദൈവസാന്നിധ്യത്തിന്റെ അനുഭവതലം നാം ജീവിക്കുന്ന ചുറ്റുപാട് തന്നെയാണ്. ആത്യന്തികമായി ഒരു വിശ്വാസി വിശുദ്ധ മാമോദിസയിലൂടെ ദൈവരാജ്യാനുഭവത്തിലേക്ക് പ്രവേശിക്കുകയല്ല അതിൽ ആയിത്തീരുകയാണ്. ആരാധനാ ജീവിതത്തിൽ വിശുദ്ധ കുർബാനയുടെ അർത്ഥത്തെ വിശദമാക്കുമ്പോൾ പ്രമുഖ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനായ Fr. Alexander Schmemann പറയുന്നത്: “.....the truly unique meaning of the Encharist as the sacrament of the Church, ie, the act in which and for which the Church always “becomes that which she is”, manifests and fulfills herself as the Body of Christ and the Temple of the Holy Spirit as the actualization in “this world” of the Kingdom of God. (OF Water & The Spirit, A Liturgical Study of Baptism, SVS Press. P-117)

ഓരോ ആരാധനയുടെയും ആത്യന്തിക പരിണതിയാണ് ഇത്. ദേവാലയത്തിന്റെ ഉള്ളിൽ നടക്കുന്ന കൗദാശിക അനുഭവത്തോടെ അത് അവസാനിക്കുകയല്ല എന്നാൽ അവിടെ ആരംഭിക്കുക മാത്രമാണ് ചെയ്യുന്നത്.

ഇന്ന് നാം ഉപയോഗിച്ചുവരുന്ന ആരാധനാക്രമങ്ങളുടെ ഭാഷയും ഘടനയും അടയാളങ്ങളും പുതുക്കേണ്ടതുണ്ട് എന്ന പൊതു ചിന്ത നിലവിലുണ്ട്. സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തിയത്

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


എഡിറ്റോറിയൽ പേജ്
**അനിവാര്യമായ ആരാധനാപരിഷ്കരണം** ............................. 1

**സഭാദ്ധ്യക്ഷന്മാരും രാഷ്ട്രീയപ്രതികരണങ്ങളും** ........................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സമാധാനം: അർത്ഥവും പ്രക്രിയയും** ........ 6
ഡോ. എം. പി. മത്തായി

**ഡിജിറ്റൽ യുഗത്തിലെ പെന്തക്കോസ്തി പെരുന്നാൾ** ...................... 8
ഫാ. എബ്രഹാം കാരാമ്മേൽ

**സഭാ ദർശനം: പഴയനിയമത്തിൽ** ............. 10
ഫാ. ഏലിയാസ് കെ. വി.

**ശുശ്രൂഷയിൽ മഹത്വം അന്വേഷിക്കേണ്ടതില്ല** ............................... 14
ഫാ. സിബി മാത്യു വർഗീസ്


നല്ല സാഹിത്യഭാഷയിലാണ് എന്നത് ശരി തന്നെ. എന്നാൽ മലയാള ഭാഷ നന്നായി അറിയുന്നവരും പദാവലി അറിയുന്നവരും അനുദിനം കുറഞ്ഞുവരുന്നു എന്നത് ശ്രദ്ധാപൂർവ്വം കാണേണ്ട കാര്യമാണ്. അതുപോലെതന്നെ ഓർത്തഡോക്സ് ആരാധന അടയാളങ്ങൾകൊണ്ട് സമ്പുഷ്ടമാണ്. ഇവ ഓരോന്നും രൂപം പ്രാപിച്ചത് ഓരോ സാംസ്കാരിക പശ്ചാത്തലത്തിലാണ്. സാഹചര്യം മാറിയിട്ടും പുതിയ അർത്ഥങ്ങൾ കൊടുത്ത് നാം പിന്തുടരുന്നുണ്ടെങ്കിലും എന്തുകൊണ്ട് നമുക്ക് പുതിയത് കണ്ടെത്തി കൂടാ എന്ന ചോദ്യം ബാക്കിയാവുന്നുണ്ട്. ഭാഷയും പ്രയോഗങ്ങളും യാതൊരു മാറ്റവും വരുത്താതെ നാം ഇന്നും പ്രയോഗിക്കുന്നത് ആശ്ചര്യജനകമാണ്, ദുഃഖ വെള്ളിയാഴ്ച സ്ലീബാ ആഘോഷത്തിൽ 'കുത്തി മുറിക്കും ശത്രുക്കളെ നിന്നാൽ ഞങ്ങൾ' എന്ന പെത്ഗോമോ ചൊല്ലുമ്പോൾ ആ വന്ദനവ് തന്നെ അപ്രസക്തമായതുപോലെ തോന്നും. കുരിശ് യുദ്ധകാലത്ത് കുത്തി മുറിക്കുന്ന കുന്തമായി മാറ്റിയത് നാം ഇന്നും ആഘോഷമായി ഏറ്റുപാടുകയാണ്. ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ പറയാനുണ്ട്.

ആരാധനാപരിഷ്കരണം എന്നത് സമൂലമായ മാറ്റമാണ് എന്ന് തെറ്റിദ്ധരിക്കേണ്ട. വിശ്വാസ സമൂഹത്തിന് അനുഭവവേദ്യമാകുന്ന നിലയിലേക്ക് അതിനെ രൂപപ്പെടുത്തുക എന്നതാണ് പ്രധാനം. ആരാധിക്കുന്ന ദൈവവുമായി ഉണ്ടാകേണ്ട ആന്തരിക ബന്ധം സാധ്യമാകുന്നതോടെ ആരാധന അതിന്റെ അത്യുന്നതങ്ങളിൽ എത്തും. നമ്മുടെ ആരാധനകൾ മനുഷ്യനെയും കുടുംബത്തെയും ലോകത്തെ തന്നെയും രൂപാന്തരപ്പെടുത്തുവാൻ കരുത്തുള്ളതായി പരിണമിക്കട്ടെ.

*ഫാ. എബ്രഹാം കാരാമ്മേൽ*

### ഇടവക മെത്രാപ്പോലീത്തായുടെ ജന്മദിനം ആഘോഷിച്ചു

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ 72-ാം ജന്മദിനം ജൂൺ 28-ാം തീയതി വെള്ളിയാഴ്ച മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് ആഘോഷിച്ചു. അന്നേദിവസം രാവിലെ അഭിവന്ദ്യ തിരുമേനി വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ ജന്മദിനമംഗളങ്ങൾ നേർന്നുകൊണ്ട് ഭദ്രാസന സെക്രട്ടറി ഫാ. എബിൻ എബ്രഹാം സംസാരിച്ചു. ജന്മദിനസ്തോത്രപ്രാർത്ഥനയ്ക്ക് ഫാ. ഷിബു കുര്യൻ നേതൃത്വം നൽകി. വിശുദ്ധ കുർബാനയിലും തുടർന്നുള്ള മറ്റ് ചടങ്ങുകളിലും ഭദ്രാസനത്തിലെ വൈദികരും ഭദ്രാസന കൗൺസിൽ അംഗങ്ങളും ആത്മീയപ്രസ്ഥാനങ്ങളുടെ ഭാരവാഹികളും സംബന്ധിച്ചു.

# സഭാദ്ധ്യക്ഷന്മാരും രാഷ്ട്രീയപ്രതികരണങ്ങളും

സമൂഹത്തിൽ ഉയർന്ന ചുമതലകൾ നിർവ്വഹിക്കുന്നവരുടെ പരസ്യപ്രസ്താവനകൾ ജനശ്രദ്ധ പിടിച്ചുപറ്റുക സാധാരണമാണ്. അങ്ങനെയുള്ളവർ ഏതു കാര്യം സംബന്ധിച്ചും അഭിപ്രായപ്രകടനങ്ങൾ നടത്തുന്നത് പഠിച്ചും ആലോചിച്ചും ആയിരിക്കേണ്ടതുണ്ട്. കാരണം അവരുടെ അഭിപ്രായങ്ങൾ അവർ നേതൃത്വം നൽകുന്ന സമൂഹത്തെ ബാധിക്കാവുന്നതാണ്. ഉയർന്നസ്ഥാനത്തിരിക്കുന്നു എന്നതുകൊണ്ട് അവർക്ക് എല്ലാ വിഷയങ്ങളും സംബന്ധിച്ച് ഗ്രാഹ്യമുണ്ടാകണം എന്നില്ല. ഏതെങ്കിലും വിധത്തിൽ സ്ഥാനങ്ങളിൽ എത്തി എന്നതുകൊണ്ടു മാത്രം വിശകലനശേഷി, നിഷ്പക്ഷത, പക്വത എന്നിവ ഉണ്ടാകണം എന്നുമില്ല. അതുകൊണ്ട് രാഷ്ട്രീയസ്വഭാവമുള്ള പരസ്യപ്രസ്താവനകളെങ്കിലും നടത്തുമ്പോൾ ജാഗ്രത പുലർത്തണം എന്നത് അവർ പ്രതിനിധീകരിക്കുന്ന ജനങ്ങൾ ആഗ്രഹിക്കുന്നു.

സഭാദ്ധ്യക്ഷന്മാർക്കും ഈ കാര്യം ബാധകമാണ്. അവർ സഭാശുശ്രൂഷ സംബന്ധിച്ച് ന്യായമായും അറിഞ്ഞിരിക്കേണ്ട നിരവധി കാര്യങ്ങൾ ഉണ്ട്. എന്നാൽ അവർക്ക് രാഷ്ട്രീയറിവ് ഉണ്ടാകണം എന്നത് അനിവാര്യഘടകമല്ല. അതുകൊണ്ട് സാധാരണ ഗതിയിൽ രാഷ്ട്രീയഭിപ്രായങ്ങൾ അവരിൽ നിന്നും വിശ്വാസികൾ പ്രതീക്ഷിക്കുന്നുമില്ല. എന്നാൽ പല സഭാദ്ധ്യക്ഷന്മാർക്കും രാഷ്ട്രീയപ്രതികരണങ്ങൾ നടത്തുന്നത് നിയന്ത്രിക്കാനാവുന്നില്ല. അവ ചിലപ്പോൾ വളരെ ദൗർഭാഗ്യകരമായി പരിണമിക്കാറുണ്ട്. കാരണം അവ പലപ്പോഴും സഭയ്ക്ക് മാർഗ്ഗദർശനം നല്കുവാൻ ഉതകുന്നില്ല; വിശ്വാസികൾക്ക് അവരെപ്പറ്റി അഭിമാനവും സൃഷ്ടിക്കുന്നില്ല. സഭാവിശ്വാസികൾ പ്രബുദ്ധരായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സഭാ ദ്ധ്യക്ഷന്മാരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതുണ്ട്. അതുകൊണ്ട് സഭയും സഭാജനങ്ങളും അപഹാസ്യരാകുന്ന സാഹചര്യം തങ്ങളുടെ അഭിപ്രായപ്രകടനം കൊണ്ട് ഉണ്ടാകാതിരിക്കുവാൻ സഭാദ്ധ്യക്ഷന്മാർ ജാഗ്രത പാലിക്കേണ്ടത് ആവശ്യമാണ്. നിലവിൽ കേരളത്തിലെ സഭകൾ പൊതുവേ ക്രിസ്തീയ സാക്ഷ്യനിർവ്വഹണത്തിൽ പരാജയപ്പെടുന്നു എന്ന ചിന്ത പ്രബലമാണ്. അതുകൊണ്ട് ആലോചനയില്ലാത്തതും അപക്വവും ആയ പരസ്യപ്രസ്താവനകൾ വഴി സഭാംഗങ്ങളെ കൂടുതൽ ചിന്താക്കുഴപ്പത്തിലാക്കാതിരിക്കുവാൻ സഭയിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നവർ ശ്രദ്ധിക്കണം എന്ന് വിശ്വാസി സമൂഹം ചിന്തിക്കുന്നു.

പ്രസ്താവനകളുടെയും പ്രതികരണങ്ങളുടെയും ഉള്ളടക്കം പോലെ തന്നെ ഉപയോഗപ്പെടുത്തുന്ന ഭാഷയുടെ ശൈലിയും അതിൽ പ്രതിഫലിക്കുന്ന സംസ്കാരവും പലപ്പോഴും നിലവാരം കുറഞ്ഞു പോകുന്നതായി കാണുന്നു. ഒരു മുൻ വിദ്യുച്ഛക്തി മന്ത്രിയുടെ ഭാഷയുടെ അനുകരണവും അതിലും തരംതാഴ്ന്നതുമായ ശൈലിയും ആത്മീയമേലദ്ധ്യക്ഷന്മാർക്ക് ചേരുന്നതാണ് എന്ന് ചിന്തിക്കാനാവില്ല. ഇതു കേൾക്കേണ്ടി വരുന്നവരുടെ മാനസികാവസ്ഥയെപ്പറ്റി ബോദ്ധ്യമുണ്ടാകുന്നത് ഉചിതമായിരിക്കും. ഒരു പക്ഷേ, ജനത്തെ കാണുമ്പോൾ ഉണ്ടാകുന്ന സ്ഥലജലവിഭ്രാന്തിയാകാം ഇതിന്റെ ഒരു കാരണം. വൈകാരികപക്വതയും പലപ്പോഴും നഷ്ടപ്പെടുന്നതായി കാണുന്നു. സ്വന്തം ജീവിതപശ്ചാത്തലത്തിന്റെ മറ പറ്റി പറയുന്ന ഒഴികഴിവുകൾ ഇതിന് നീതീകരണം ആവുന്നില്ല. സ്വന്തം ജീവിത പരിസര-സംസ്കാരങ്ങളിൽ നിന്ന് ഉയർന്നു ചിന്തിക്കുവാനും സംസാരിക്കുവാനും ശ്രമിക്കുന്നത് പാവം വിശ്വാസികൾക്ക് ആശ്വാസമാകും.

രാഷ്ട്രീയമേഖലയിൽ നടക്കുന്ന ഗതിവിഗതികൾ സംബന്ധിച്ച് ക്രിസ്തീയവീക്ഷണത്തിലുള്ള വിലയിരുത്തലുകൾ അഭിലഷണീയമാണ്. അത് സഭാംഗങ്ങൾക്ക് പാഠമാണ്. രാഷ്ട്രീയ കാര്യങ്ങൾ സംബന്ധിച്ച് വിശ്വാസികൾക്കിടയിൽ ശരിയായ ധാരണകൾ സൃഷ്ടിക്കുന്നതിന് അതു സഹായകമാണ് എന്നതിൽ തർക്കമില്ല. സുചിന്തിതമായ ക്രിസ്തീയപ്രതികരണങ്ങൾ സഭാദ്ധ്യക്ഷന്മാരിൽ നിന്ന് ഉണ്ടാകുമെങ്കിൽ അതു സ്വാഗതാർഹമാണ്. അതുകൊണ്ട് ഏതൊരു സാഹചര്യത്തിലും രാഷ്ട്രീയവിഷയങ്ങളിൽ സഭ മൗനം പാലിക്കണം എന്ന് ശഠിക്കാനാവില്ല. അതോടൊപ്പം സഭാദ്ധ്യക്ഷർ എല്ലാ രാഷ്ട്രീയവിഷയത്തിലും അഭിപ്രായം പറയേണ്ട കാര്യവുമില്ല. രാഷ്ട്രീയത്തിൽ അരങ്ങേറുന്ന അഴിമതി, ഏകാധിപത്യ പ്രവണതകൾ, തെറ്റായ നയങ്ങൾ, ഭരണഘടനയോടുള്ള അവഗണന, വർഗ്ഗീയത വർദ്ധിപ്പിക്കുന്ന നടപടികൾ, ദുർബലവിഭാഗങ്ങളോടുള്ള കരുതലില്ലായ്മ, രാജ്യരക്ഷയുടെ പേരിൽ നടക്കുന്ന ആയുധമത്സരം ഇവയ്ക്കല്ലാം എതിരേ ഓരോ കാലത്തും സമൂഹത്തിൽ സഭയുടെ ശബ്ദം ഉയർത്തേണ്ടതുണ്ട്. സഭ രാഷ്ട്രത്തിന്റെ ഭാഗമാകയാൽ സഭയുടെ ന്യായമായ ഇടപെടലു

കൾ നീതിപൂർവ്വമായ സമൂഹ സൃഷ്ടിക്ക് സഹായ മാകാവുന്ന താണ്. പഴയനിയമത്തിൽ പ്രവാച കന്മാർ ആത്മപ്രേരിതരായി ഈ ധർമ്മം നിർവ്വഹിച്ചിരുന്നു. ഇന്ന് ആത്മപ്രേരണ ഒരിടത്തും തന്നെ പ്രകടമാകാത്തതുകൊണ്ട് കൂട്ടായ ആലോചനയോടെ കൃത്യമായ പ്രതികരണങ്ങൾ ഉണ്ടാകേണ്ട തുണ്ട്. അതിനെതിരെ ഭരണരംഗ ത്തുനിന്ന് പ്രതികൂലശബ്ദങ്ങൾ ഉയരാം. സ്നാപകയോഹന്നാൻ കൊല്ലപ്പെട്ടത് കൊട്ടാര ഗൂഢാലോ ചനപ്രകാരം ആയിരുന്നുവല്ലോ. ഏതാനും വർഷങ്ങൾക്കുമുമ്പ് തെക്കേ അമേരിക്കയിൽ കോർപ്പ റേറ്റുകളെ ചെറുത്തതുകൊണ്ട് ആർച്ച് ബിഷപ്പ് ഒസ്കാർ റൊമേ റോയ്ക്ക് വെടിയേറ്റത് രാഷ്ട്രീയ കുറ്റവാളി എന്ന നിലയിലാണ്. സുവിശേഷപ്രേരിതമായ രാഷ്ട്രീ യപ്രതികരണത്തിന്റെ പേരിലാണ് ബോൺഹോഫർ രക്തസാക്ഷി ആയത്. അവരെപ്പറ്റി സഭ അഭിമാ നിക്കുന്നു.

ജനാധിപത്യത്തിൽ ഭരണ കക്ഷിയും പ്രതിപക്ഷവും തമ്മിൽ ഭരണം, രാഷ്ട്രീയനിലപാടുകൾ തുടങ്ങിയവ സംബന്ധിച്ച് തർക്ക ങ്ങൾ ഉണ്ടാകാറുണ്ട്. അവിടെ സഭാ ദ്ധ്യക്ഷന്മാരുടെ ഇടപെടൽ ആവ ശ്യമില്ല. ആ സന്ദർഭങ്ങളിൽ ഏതെ ങ്കിലും ഒരു കൂട്ടരുടെ പ്രവൃത്തി കൾ സാധൂകരിക്കുവാൻ സഭാ നേതാക്കൾ ശ്രമിക്കുന്നതിന് ന്യാ യവും ഇല്ല. അത്തരത്തിലുള്ള വാദപ്രതിവാദങ്ങൾ അവർ തമ്മിൽ നടക്കട്ടെ. രാഷ്ട്രീയനയങ്ങൾ, ഭരണക്ഷമത എന്നിവയുടെ അടി സ്ഥാനത്തിൽ ഓരോ കൂട്ടരും ഭരണത്തിൽ വരികയോ പുറത്തു പോവുകയോ ചെയ്യട്ടെ. പാർട്ടി കളെ ജയിപ്പിക്കുകയോ തോൽപ്പി ക്കുകയോ ചെയ്യുന്ന കാര്യത്തിൽ സഭാദ്ധ്യക്ഷന്മാർ ഉപദേശം നൽ കേണ്ട കാര്യമില്ല. അടുത്തകാ ലത്തു നടന്ന പാർലമെന്റ് തിര ഞ്ഞെടുപ്പിൽ ഇടതുമുന്നണിക്കു ണ്ടായ പരാജയത്തെ തുടർന്ന് അവരെ അവരുടെ സകല നടപടി കളെയും പിന്തുണച്ചു വന്ന ഒരു സഭാദ്ധ്യക്ഷൻ അവരുടെ നയ-നിലപാടുകൾ തിരുത്തിയില്ലെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ തോറ്റു പോകും എന്ന് ഉപദേശിക്കുകയും ഭാരപ്പെടുകയും ചെയ്തത് സമൂഹ ത്തിൽ ശ്രദ്ധിക്കപ്പെട്ടു. ഏതെങ്കി ലും രാഷ്ട്രീയ പാർട്ടിയുടെ ജയ-പരാജയങ്ങൾ സംബന്ധിച്ച് ഇ ത്തരം ആശങ്കകളും ഉപദേശങ്ങ ളും സഭാദ്ധ്യക്ഷന്മാരിൽ നിന്നും ഉണ്ടാകേണ്ട കാര്യമല്ല.

സഭ രാഷ്ട്രീയബന്ധത്തിൽ കൃത്യമായ അകലം പാലിക്കുക യാണ് വേണ്ടത്. രാഷ്ട്രീയപാർട്ടി കളിൽ അംഗത്വം എടുക്കുന്നതും അടുപ്പം പ്രകടിപ്പിക്കുന്നതും പുരോ ഹിതരെയും സഭാദ്ധ്യക്ഷന്മാരെ യും സംബന്ധിച്ച് നീതീകരണം ഉള്ള കാര്യമല്ല. അപ്രകാരമുള്ള രാഷ്ട്രീയ അടുപ്പം വഴി സഭാദ്ധ്യ ക്ഷന്മാർ നിലനിർത്തേണ്ട സ്വാത ന്ത്ര്യമാണ് രാഷ്ട്രീയപാർട്ടികൾക്കു മുമ്പിൽ അടിയറ വയ്ക്കുന്നത്. അതോടെ അവർക്ക് നഷ്ടപ്പെടു ന്നത് വിശ്വാസ്യതയും രാഷ്ട്രീയ വിഷയങ്ങളിൽ ഉള്ള പ്രതികരണ സ്വാതന്ത്ര്യവുമാണ്. അതിനു ശേഷം നടത്തുന്ന രാഷ്ട്രീയപ്രതി കരണങ്ങൾ സമൂഹത്തിൽ അവരെ പ്പറ്റി അവഹേളനം സൃഷ്ടിക്കും. രാഷ്ട്രീയപാർട്ടികളുടെ അഭ്യുദയ കാംക്ഷികളായ സഭാനേതാക്ക ന്മാർക്ക് രാഷ്ട്രീയധർമ്മം നിർവ്വ ഹിക്കാനാവില്ല. അങ്ങനെ വരുന്ന തോടെ സഭാനേതാക്കന്മാർ രാഷ് ട്രീയരംഗത്ത് വിദൂഷകവേഷം കെട്ടുന്നവരായി പരിണമിക്കുന്നു. അത് അവർക്ക് ഒരുപക്ഷേ പ്രശ്ന മായിരിക്കില്ല. എന്നാൽ സഭാംഗ ങ്ങൾ അത് ആഗ്രഹിക്കുന്നില്ല. പൊതുസമൂഹത്തിൽ വിശ്വാസ്യത നഷ്ടപ്പെട്ട സഭാദ്ധ്യക്ഷന്മാരാണ് കേരളത്തിലെ സഭകളെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചത് എന്ന തിരിച്ചറിവ് സഭാംഗങ്ങൾ മനസ്സി ലാക്കി വരികയാണ്.

മണിപ്പൂർ വിഷയം സംബ ന്ധിച്ചുള്ള വിലയിരുത്തലുകൾ ചില സഭാദ്ധ്യക്ഷന്മാരിൽ നിന്നും ഉണ്ടായിട്ട് അധികം ദിവസങ്ങൾ കഴിഞ്ഞില്ല. അവയും സമൂഹ ത്തിൽ ഇഴ കീറി വിചാരണയ്ക്ക് വിധേയമായി. അഭിപ്രായപ്രകടനം നടത്തുന്നവർക്ക് അതു ചെയ്താൽ മതിയല്ലോ. അവഹേളിതരാകു ന്നത് സഭയും സഭാജനങ്ങളും ആകുന്നു. മണിപ്പൂരിൽ നടന്നത് രണ്ടു ഗോത്രങ്ങൾ തമ്മിലുള്ള വെറും ഏറ്റുമുട്ടൽ ആയിരുന്നത്രേ! അതിന് കേന്ദ്ര-സംസ്ഥാന ഭരണ നേതൃത്വങ്ങൾക്ക് ബാദ്ധ്യത ഇല്ല എന്ന് ധ്വനി. ഇത് ആരെയൊ ക്കെയോ പ്രീണിപ്പിക്കാനും കുറ്റ വിമുക്തരാക്കാനും ഉള്ള ആസൂ ത്രിത പ്രതികരണമായിരുന്നു എന്ന് ആർക്കും സംശയിക്കാം. മത്സരിച്ച് സർക്കാരുകളെ വെള്ള പൂശാനുള്ള ശ്രമം നടത്തിയത് എന്തിനുവേണ്ടിയായിരുന്നു എന്ന തിന് സമൂഹം അതിന്റെ ഉത്തരം കണ്ടെത്തി. അത് ശരിയാകട്ടേ തെറ്റാകട്ടേ, ഇതുപോലുള്ള പ്രതി കരണങ്ങൾ സഭയ്ക്ക് ക്ഷതം സൃഷ്ടിക്കുന്നു. ഇവിടെ രണ്ടു ഗോത്രങ്ങൾ തമ്മിലായിരുന്നു സംഘർഷം എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. അതു വലിയ കണ്ടുപിടുത്തം ആയി എന്തിന് സഭാദ്ധ്യക്ഷന്മാർ അവതരിപ്പിച്ചു എന്നതാണ് പ്രശ്നം. ഈ സംഘ ർഷം ഏതു സാഹചര്യത്തിൽ ഉണ്ടായി എന്നത് വിലയിരുത്തുന്ന തിനോ പഠിക്കുന്നതിനോ ശ്രമി ക്കാതെ ഭരണകൂടത്തെ കുറ്റവിമു ക്തരായി അവതരിപ്പിക്കുന്നതിനു നടത്തിയ ഉദ്യമം സദുദ്ദേശ്യപ രമായി ആരും പരിഗണിക്കുന്നില്ല. പരിസരബോധം നഷ്ടപ്പെട്ട വർക്കേ ഇത്തരം പ്രതികരണം നടത്താനാവൂ എന്ന് ഫാ. പോൾ തേലക്കാടിന് പറയേണ്ടിവന്ന തിൽ നമുക്ക് ലജ്ജിതരാകാം. രണ്ട് പ്രബലഗോത്രങ്ങളിൽ ഒരു ഗോത്രം ആൾബലത്തിലും സാമ്പത്തിക ശേഷിയിലും ശക്തമാണ്. ഈ ഗോത്രങ്ങൾക്കിടയിൽ ഉടലെടുത്ത

സംഘർഷം അവസാനിപ്പിക്കുവാനോ അക്രമവിധേയയായ ന്യൂനപക്ഷത്തെ സംരക്ഷിക്കുവാനോ സർക്കാർ ശ്രമം നടത്തിയില്ല. അതായത് ഭരണകൂടങ്ങളുടെ ബോധപൂർവ്വമായ നിഷ്ക്രിയത്വം വഴി വലിയ ഗോത്രത്തിന് ചെറുതിന്റെ മേൽ തടസ്സമില്ലാതെ അക്രമം അഴിച്ചുവിടാൻ സൗകര്യം സൃഷ്ടിക്കുകയായിരുന്നു. ഈ സമീപനത്തിന്റെ പേരിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിമർശനവിധേയമായത്. മണിപ്പൂരിലെ കുക്കിവംശജരായ സ്ത്രീകളെ ഒരു വർഷം മുമ്പ് വിവസ്ത്രരാക്കി തെരുവിലൂടെ നടത്തിയതും തുടർന്ന് കൂട്ടബലാത്സംഗത്തിന് വിധേയരാക്കിയതും ഒരു ജനാധിപത്യരാഷ്ട്രത്തിലാണ് എന്നോർക്കണം. ഈ വിഭാഗത്തിൽപ്പെട്ട വിചാരണത്തടവുകാർക്ക് ചികിത്സ നിഷേധിച്ചതിനെത്തുടർന്ന് സുപ്രീംകോടതി സംസ്ഥാനഭരണകൂടത്തെ അതിനിശിതമായാണ് വിമർശിച്ചത്. ഇതൊന്നും ഇവിടുത്തെ സഭാദ്ധ്യക്ഷന്മാർക്ക് വിഷയമല്ല. ഈ വിഷയം നിസ്സാരവത്കരിച്ച് സർക്കാരിന് നല്ല സർട്ടിഫിക്കറ്റ് നൽകിയത് നിർദ്ദോഷമായ അഭിപ്രായപ്രകടനം ആയിരുന്നു എന്ന് പ്രജ്ഞയുള്ള സമൂഹത്തിന് ബോദ്ധ്യപ്പെട്ടില്ല.

സഭ രാഷ്ട്രീയബന്ധത്തിൽ വിമർശനാത്മകമായ നിലപാടാണ് നിലനിർത്തേണ്ടത്. എന്നാൽ ഇതു പലപ്പോഴും കാണുന്നില്ല. തീർച്ചയായും രാഷ്ട്രീയവിമർശനത്തിനു മുമ്പ് ആത്മവിമർശനം കൂടി ആവശ്യമാണ് എന്നത് അടിവരയിടുന്നു. ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് അടിയന്തിരാവസ്ഥപ്രഖ്യാപനം വഴി ജനാധിപത്യമൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെട്ടപ്പോൾ ക്രൈസ്തവസഭാനേതാക്കന്മാർ മൗനം പാലിച്ചതും ചിലർ അതിനെ സാധൂകരിക്കുവാൻ ലഭ്യമായിരുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തിയെന്നതും ചരിത്രം. ഭരണകൂടത്തിന്റെ തെറ്റായ നടപടികൾ സംബന്ധിച്ച് മൗനം പാലിക്കുകയും അതിനെ സാധൂകരിക്കുകയും ചെയ്യുവാൻ രാഷ്ട്രീയപ്രതികരണങ്ങൾ സഹായമായിക്കൂടാത്തതാണ്. ഭരണകൂടത്തിന്റെ തെറ്റായ നയ-നടപടികൾ സംബന്ധിച്ച് മൗനം പാലിക്കുകയും അവയെ സാധൂകരിക്കുവാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടുള്ള സഭാദ്ധ്യക്ഷന്മാരുടെ രാഷ്ട്രീയ പ്രതികരണങ്ങൾ ഒഴിവാക്കേണ്ടതാണ്.

സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, അടിസ്ഥാനവർഗ്ഗങ്ങൾ എന്നിവർക്ക് നീതി ലഭ്യമാക്കുന്നതിലാണ് സഭ ശ്രദ്ധിക്കേണ്ടത്. എന്നാൽ ഈ ശ്രദ്ധ പലപ്പോഴും കാണാറില്ല. കേരളത്തിൽ കുടികിടപ്പവകാശം നൽകി ഭൂമിയില്ലാത്തവർക്ക് കിടപ്പാടവകാശം നൽകുകയും സ്കൂൾ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം നൽകി കേരളത്തിൽ വിദ്യാഭ്യാസം വ്യാപകമാക്കുവാൻ സാഹചര്യം ഒരുക്കുകയും ചെയ്ത സർക്കാരിനെതിരെ സഭാദ്ധ്യക്ഷന്മാർ പ്രസ്താവനകൾ നടത്തി വിമോചനസമരത്തിന് പിന്തുണ നൽകിയത് ഇന്നും നീതീകരണം ഇല്ലാതെ നിലനിൽക്കുന്നു. നാട് പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളെ സംരക്ഷിക്കുവാൻ പ്രൊഫസർ മാധവ് ഗാഡ്ഗിൽ പഠിച്ച് തയ്യാറാക്കി അവതരിപ്പിച്ച റിപ്പോർട്ടിനെതിരെ മുൻനിരയിൽ നിന്ന് കടന്നാക്രമണം നടത്തിയത് ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരായിരുന്നു. ഫ്രാൻസിസ് മാർപാപ്പ 2015 ലെ ലൗദാത്തോസി (അങ്ങേയ്ക്ക് സ്തുതി) എന്ന ചാക്രികലേഖനത്തിൽ പ്രകൃതിസംരക്ഷണം ക്രിസ്ത്യാനികളെ സംബന്ധിച്ച് അവരുടെ ആദ്ധ്യാത്മികകാര്യമാണ് എന്നാണ് ചൂണ്ടിക്കാണിക്കുന്നത്. ആറ് അദ്ധ്യായങ്ങളിലായി പരിസ്ഥിതിസംരക്ഷണത്തിന്റെ അനിവാര്യതയിലേക്ക് അദ്ദേഹം വിരൽചൂണ്ടുന്നു. പ്രകൃതിയിലെ ദൈവിക അടയാളങ്ങൾ കാണാത്തവർ ദൈവത്തിൽ നിന്നും അകന്നു കഴിയുന്നു എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഇത് ഇവിടത്തെ ക്രൈസ്തവസഭാദ്ധ്യക്ഷന്മാർ ഒരു വിഷയമായി കരുതുന്നില്ല. ദുർബലരുടെ നീതിപോരാട്ടങ്ങളിൽ പലപ്പോഴും സഭാനേതൃത്വത്തിന് താത്പര്യം കാണുന്നില്ല. അതേസമയം സ്ഥാപിത/വ്യക്തി താത്പര്യങ്ങൾക്കുവേണ്ടി അഭിപ്രായപ്രകടനം നടത്തുന്നതിൽ അവർ മുമ്പിലുമാണ്. ഈ രീതി സംബന്ധിച്ച് വീണ്ടുവിചാരം ഉണ്ടാകണം. 2017 ലെ കോടതിവിധിക്കുശേഷം സഭയിൽ സമാധാനം ഉണ്ടാകാതെ പോയതിനു പിന്നിൽ സഭാദ്ധ്യക്ഷന്മാരിൽ നിന്നുണ്ടായ പക്വതയില്ലാത്ത രാഷ്ട്രീയപ്രതികരണങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചു എന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

രാഷ്ട്രീയമേഖലയിൽ സഭയുടെ ശബ്ദവും പ്രതികരണവും ജനകീയപോരാട്ടങ്ങളിൽ സഭയ്ക്ക് പങ്കാളിത്തവും ഉണ്ടാകണം. ദുർബലവിഭാഗങ്ങളുടെ ആവശ്യങ്ങളോടൊപ്പം സഭയ്ക്ക് നിൽക്കാൻ സാധിക്കണം. വിഷയങ്ങൾ അവധാനതയോടെ പഠിച്ച് കൂട്ടായ ആലോചനയോടെ നല്ല ഭാഷയിൽ പ്രതികരിച്ചാൽ സമൂഹം ശ്രദ്ധിക്കും. സഭയെ സംബന്ധിച്ച് അതു സാക്ഷ്യമാവുകയും ചെയ്യും. ക്രിസ്തുസാക്ഷ്യത്തിനും സുവിശേഷമൂല്യങ്ങൾക്കും നിരക്കാത്ത രാഷ്ട്രീയപ്രതികരണങ്ങൾ സഭാദ്ധ്യക്ഷന്മാരിൽ നിന്നുണ്ടായാൽ അവയെ പരസ്യമായി തള്ളിപ്പറയാനും സഭാംഗങ്ങൾ സ്വാതന്ത്ര്യം വിനിയോഗിക്കേണ്ടതുണ്ട്. നീതിസമൂഹത്തിന്റെ കെട്ടുപണി സഭയുടെ താത്പര്യം ആണല്ലോ.

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

പ്രതികരണം

# സമാധാനം: അർത്ഥവും പ്രക്രിയയും

ഡോ. എം. പി. മത്തായി

## I

"ലോകം ഇന്ന് നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം എന്ത്' എന്ന ഒറ്റ ചോദ്യം ഉന്നയിച്ച് പുതിയ സഹസ്രാബ്ദത്തിന്റെ ആദ്യവർഷം ഒരു ഏജൻസി നടത്തിയ അന്തർദ്ദേശീയ സർവ്വെയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷംപേരും നൽകിയ മറുപടി 'സമാധാനമില്ലായ്മ'- lack of peace എന്നായിരുന്നുവത്രേ. ഇരുപത് വർഷങ്ങൾക്കുശേഷം അതേ ഏജൻസി പ്രസ്തുത ചോദ്യം തന്നെ ഉന്നയിച്ച് വീണ്ടും ഒരഭിപ്രായവോട്ടെടുപ്പ് നടത്തി. അപ്പോഴും ഭൂരിപക്ഷംപേരിൽ നിന്നും ലഭിച്ച മറുപടി പഴയതു തന്നെയായിരുന്നു. കഴിഞ്ഞ എത്രയോ ശതാബ്ദങ്ങളായി ജീവിതത്തിന്റെ സമസ്ത മേഖലകളും വർദ്ധിച്ചുവരുന്ന സംഘർഷർഷങ്ങൾകൊണ്ടും, അക്രമങ്ങൾകൊണ്ടും കാലുഷമാണ്. മനുഷ്യവ്യക്തിയുടെ ആന്തരിക ജീവിതം മുതൽ രാഷ്ട്രാന്തരബന്ധങ്ങൾ വരെ സംഘർഷങ്ങളും, സംഘട്ടനങ്ങളും കൊണ്ട് വീർപ്പുമുട്ടുന്ന സ്ഥിതിയിലാണ്. മനുഷ്യർ-വ്യക്തികൾ എന്ന നിലയിലും, സമൂഹമെന്ന നിലയിലും-നേടാൻ ആഗ്രഹിക്കുന്നത് സമാധാനവും സന്തോഷവുമാണ് എന്നത് സുവിദിതമാണല്ലോ? ലോകത്തിലെ എല്ലാ മതങ്ങളും, പ്രത്യയശാസ്ത്രങ്ങളും, ദർശനങ്ങളും മനുഷ്യന് വാഗ്ദാനം ചെയ്യുന്നത് സമാധാനവും സന്തോഷവുമല്ലാതെ മറ്റൊന്നുമല്ല. ശാന്തി, ശാലോം, ഭൂമിയിലെ സ്വർഗ്ഗരാജ്യം, രാമരാജ്യം, സോഷ്യലിസം തുടങ്ങിയ സംജ്ഞകൾ സൂചിപ്പിക്കുന്നതും ഇതേ കാര്യം തന്നെയാണ്.

സമഗ്രവും,സങ്കീർണ്ണവുമായ ഒരു പരികല്പനയാണ് സമാധാനം. അതിന് വ്യക്തിബദ്ധവും, സാമൂഹ്യബദ്ധവും, ഭൗതികവും, ഭൗതികാതീതവുമായ തലങ്ങളുണ്ട്. മനുഷ്യന്റെ വ്യക്തിത്വത്തിന് ശരീരം, മനഃസ്സ്, ആത്മാവ് എന്നിങ്ങനെ വിവിധ തലങ്ങളുണ്ടല്ലോ. ഈ തലങ്ങൾ സംയോജിതമായി സഹവർത്തിക്കുമ്പോൾ ഉളവാക്കുന്ന ഒരു സവിശേഷ സന്തുലിതാവസ്ഥയാണ് ഒരു വ്യക്തിയുടെ ആന്തരിക സന്തുഷ്ടിയുടെയും, സമാധാനത്തിന്റെയും അടിസ്ഥാനം. അതുപോലെ, സാമുഹ്യജീവിയായ മനുഷ്യന് അവന്റെ ഭൗതിക ചുറ്റുപാടിൽ നിന്നോ, സഹജീവികളിൽ നിന്നോ വേർപെട്ട നിലനിൽപ്പ് അസാധ്യമാണ്. സമൂഹത്തിലെ അംഗങ്ങളായ സഹജീവികളുമായി സമരസപ്പെട്ടാൽമാത്രമേ വ്യക്തിയുടെ ആന്തരിക ജീവിതം സമാധാനാഢിഷ്ഠിതമാവുകയുള്ളൂ. ഇപ്രകാരം, സഹജീവികളുമായുള്ള സമരസപ്പെടൽ അഥവാ നിരപ്പാകൽ സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും രണ്ടാമത്തെ അടിപ്പാളിയാണ്. മനുഷ്യജീവിതത്തിൽ സമൂഹംപോലെ തന്നെ പ്രധാനമാണ് 'പ്രകൃതി' അഥവാ 'പരിസ്ഥിതി'. മനുഷ്യൻ പ്രകൃതിയുടെ സൃഷ്ടിയും, പ്രകൃതിയുടെ അവിഭാജ്യഘടകവുമാണ്. പ്രകൃതിയിലെ ഓരോ ജീവിരൂപവും ബ്രഹ്മാണ്ഡമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ മഹാപ്രപഞ്ചത്തിന്റെ ചെറുരൂപങ്ങൾ തന്നെയാണ് എന്നാണ് ദർശനവും, ശാസ്ത്രവും വ്യക്തമാക്കിത്തന്നിട്ടുള്ളത്. അതായത്, മനുഷ്യനും, പ്രകൃതിയും തമ്മിൽ ഒരു ഏകാത്മക ബന്ധമാണുള്ളത്. ഈ സത്യം തിരിച്ചറിഞ്ഞ് പ്രകൃതിയുമായി സമരസപ്പെട്ട് ജീവിക്കുകയാണ് ജീവിതത്തിൽ സമാധാനവും, സന്തുഷ്ഠിയും നേടിയെടുക്കാനുള്ള ഫലപ്രദമായ മാർഗ്ഗം. ചുരുക്കിപ്പറഞ്ഞാൽ, ആന്തരികവും, ബാഹ്യവുമായ അനുരഞ്ജനത്തിലൂടെ മാത്രം സാക്ഷാത്കരിക്കാവുന്ന അനുഭവമാണ് സമാധാനവും, സന്തോഷവും. സമാധാനത്തെ സംബന്ധിച്ച ബാലപാഠമാണിത്.

## II

തുറന്ന സംഘട്ടങ്ങളില്ലാത്ത അവസ്ഥയെയാണ് പലപ്പോഴും സമാധാനമായി ചിത്രീകരിക്കുന്നത്. അക്രമവും, ഏറ്റുമുട്ടലുകളും, രക്തച്ചൊരിച്ചിലും ഇല്ലെങ്കിൽ, അഥവാ ഒഴിവാക്കപ്പെട്ടാൽ, സമാധാനം സ്ഥാപിതമായിക്കഴിഞ്ഞു എന്നാണ് ഒട്ടേറെപ്പേരും കരുതുന്നത്. യഥാർത്ഥത്തിൽ, സമാധാനത്തെപ്പറ്റിയുള്ള തെറ്റായ, നിഷേധാത്മകമായ കാഴ്ചപ്പാടാണിത്. സംഘട്ടനങ്ങൾ ഒഴിവാക്കുന്നത്, നിശ്ചയമായും, നല്ലതുതന്നെ. എന്നാൽ, എങ്ങിനെയാണ് സംഘട്ടനങ്ങൾ ഒഴിവാക്കുന്നത് എന്നതും സംഘട്ടനങ്ങൾ ഒഴിവാക്കപ്പെടുന്നതുപോലെ പ്രധാനമാണ്. പലപ്പോഴും അധികാരവും, ആയുധബലവുമുള്ളവർ കരുത്തുകുറഞ്ഞവരെ ഭയപ്പെടുത്തി നിശ്ശബ്ദരാക്കിയും, അടിച്ചമർത്തിയും സംഘട്ടനമുക്തമായ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിൽ വിജയിച്ചു എന്നുവരാം. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്നത് ശരിയായ, ആധികാരികമായ സമാധാനമല്ല എന്നതാണ് വാസ്തവം. 'ശ്മശാനത്തിലെ സമാധാനം'- peace of the graveyard എന്നൊരു പ്രയോഗമുള്ളത് സ്മരിക്കുക. ശ്മശാനത്തിലെ മൂകതയല്ല ശരിയായ സമാധാനത്തിന്റെ ലക്ഷണവും, സൂചനയും. ശരിയായ സമാധാനം രചനാത്മക

വും, ക്രിയാത്മകവുമാണ്, അഥവാ ആകണം. മുമ്പ് സൂചിപ്പിച്ചവണ്ണം, മനുഷ്യവ്യക്തിയുടെ ജീവിതത്തിന് ആന്തരികവും, ബാഹ്യവുമായ സന്തുലനം സൃഷ്ടിച്ച് നൽകുകയാണ് സമാധാനം ഉണ്ടാകാൻ അവശ്യം ചെയ്യേണ്ടത്. വിദ്വേഷങ്ങൾ അകറ്റി, വെറുപ്പും പകയുമില്ലാതെ പരസ്പരം സഹകരിച്ചും, പങ്കുവെച്ചും, ശാക്തീകരിച്ചും ജീവിക്കുമ്പോഴാണ് സമാധാനത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നത്. ഇപ്രകാരം, രചനാത്മകമായ സമാധാനാന്തരീക്ഷത്തിൽ മാത്രമേ മനുഷ്യന് സംതൃപ്തിയും സന്തുഷ്ടിയും അനുഭവിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് സമാധാനം സൃഷ്ടിക്കേണ്ടത് മനുഷ്യരുടെ പ്രാഥമിക കർത്തവ്യമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

സമാധാനം ദൈവഹിതമാണ് അഥവാ ദൈവിക പദ്ധതിയുടെ ഭാഗമാണ് എന്നാണ് ബൈബിൾ ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ട്, ദൈവഹിതം തിരിച്ചറിഞ്ഞ്, അത് നിറവേറ്റുകവഴിയാണ് യഥാർത്ഥ സമാധാനം കരഗതമാകുന്നത് എന്ന് അനുക്തസിദ്ധം. ഗിരി പ്രഭാഷണത്തിൽ 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ' എന്ന് യേശുദേവൻ പറയുന്നതിലെ 'ഉണ്ടാക്കുന്നവർ' എന്ന സകർമ്മക ക്രിയ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമാധാനം സൃഷ്ടിക്കാൻ ശ്രമിക്കുന്നവർ ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടും എന്ന് പ്രഖ്യാപിക്കുകവഴി സമാധാനദൗത്യത്തിന്റെ പ്രാധാന്യവും, സമാധാനം ദൈവിക പദ്ധതിയാണെന്ന സത്യവുമാണ് കർത്താവ് വ്യക്തമാക്കുന്നത്.

സമാധാനം ഉണ്ടാകണമെന്ന് തീവ്രമായി ആഗ്രഹിക്കുന്നതും, സമാധാനത്തിനായി മുട്ടിപ്പായി പ്രാർത്ഥിക്കുന്നതും സമാധാന സൃഷ്ടിക്ക് സഹായകമാകും എന്നതിൽ സംശയമില്ല. എന്നാൽ, തീവ്രമായി അഭിലഷിക്കുന്നതുകൊണ്ടോ, കുമ്പിട്ടുപ്രാർത്ഥിക്കുന്നതുകൊണ്ടോ മാത്രം സമാധാനം ഉണ്ടാവുകയില്ല. അതിനായി ഉചിതമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച്, ബോധപൂർവ്വം, നിരന്തരമായി പ്രവർത്തിക്കേണ്ടതാണ് ഏറ്റവും പ്രധാനം. സമാധാനം 'ഉണ്ടാക്കുന്നവർ' എന്ന് ക്രിസ്തുദേവൻ പറഞ്ഞതിൽ അന്തർഭവിച്ചിട്ടുള്ള സൂചന ഇതാണ്. ബോധപൂർവ്വമായ അധ്വാനം കൊണ്ട് നിർമ്മിച്ചെടുക്കേണ്ടതാണ് സമാധാനം.

III

ആർക്കാണ് സമാധാനം സൃഷ്ടിക്കാൻ സാധിക്കുക എന്ന ചോദ്യം ഈ സന്ദർഭത്തിൽ ഉന്നയിക്കപ്പെടാം. നിശ്ചയമായും സുപ്രധാനമായ ഒരു ചോദ്യം തന്നെയാണിത്. സമാധാനത്തിന്റെ മൂല്യവും, സമാധാനം എന്ന മൂല്യവും- the value of peace and peace as a value സ്വാംശീകരിച്ചവർക്കേ സമാധാന സംസ്ഥാപനത്തിനായി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ എന്നുറപ്പിച്ച് പറയാം. സമാധാനം എന്ന മൂല്യം എന്നാൽ എന്താണ് വിവക്ഷ? എന്തെല്ലാമാണ് അതിൽ അന്തർഭവിച്ചിട്ടുള്ളത്? ന്യായമായും വ്യക്തമാക്കേണ്ട കാര്യങ്ങളാണിവ. ഗിരിപ്രഭാഷണത്തെ അധികരിച്ച് പറയുകയാണെങ്കിൽ, സന്മനസ്സുള്ളവർക്കേ സമാധാനം അനുഭവിക്കാനും, സമാധാനത്തിനായി പ്രവർത്തിക്കാനും സാധിക്കൂ.

**ആരാണ് 'സന്മനസ്സുള്ളവർ'?**

ധ്യാനനിരതരായി, ദൈവഹിതത്തിന് നിരന്തരം കാതോർക്കുന്നവരെയും, ദിവ്യസ്നേഹം കൊണ്ട് സ്വന്തം ഹൃദയത്തെ നിറയ്ക്കാൻ പ്രാർത്ഥനാപൂർവ്വം ശ്രമിക്കുന്നവരെയുമാണ് പൊതുവെ സന്മനസ്സുള്ളവർ എന്ന് വിളിക്കുന്നത്. ദൈവഹിതവും, മനുഷ്യന്റെ യഥാർത്ഥ താത്പര്യങ്ങളും തമ്മിൽ വൈരുധ്യമില്ലെന്ന് തിരിച്ചറിഞ്ഞ് താൻ ജീവിക്കുന്ന ചുറ്റുപാടിൽ ദൈവഹിതം നിറവേറ്റപ്പെടുന്നതിനായി പ്രായത്നിക്കുന്നവരാണ് ശരിയായ സമാധാനദൂതന്മാർ. അവരാണ് സന്മനസ്സുള്ളവർ. അവർക്കാണ് സമാധാനം ഉണ്ടാക്കാൻ കഴിയുന്നത്.

ഇപ്രകാരം മാറിത്തീരണമെങ്കിൽ അഥവാ രൂപാന്തരപ്പെടണമെങ്കിൽ മനുഷ്യർ ആദ്യം ചെയ്യേണ്ടത് സ്വന്തം അഹന്തയേയും, സ്വാർത്ഥതയെയും ത്യജിക്കുകയാണ്. സ്വാർത്ഥ തത്പര്യത്തിനുപരിയായി പൊതുതാത്പര്യം പ്രതിഷ്ഠിക്കാൻ തയ്യാറാകണം. (ദൈവവിശ്വാസത്തിന്റെയും, പൊതുതാത്പര്യത്തിന്റെയും പേരിൽ ആണയിടുന്ന പലരുടെയും നിലപാടുകളും, നടപടികളും പരിശോധിച്ചാൽ അഹന്തയും, സ്വാർത്ഥ താത്പര്യങ്ങളുമാണ് അവരെ നയിക്കുന്നത് എന്ന് തിരിച്ചറിയാൻ സാധിക്കും)

നിശ്ചയമായും ശ്രമസാധ്യമായ ഒരു കാര്യമാണിത്. പക്ഷെ, നമുക്കതിന് സാധിക്കുന്നില്ലെങ്കിൽ, അനുരഞ്ജനവും സമാധാനവും വെറും മരീചികയായി നമ്മിൽനിന്ന് അകന്നകന്ന് പൊയ്ക്കൊണ്ടിരിക്കും.


**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha, A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം - 100 രൂ., മൂന്ന് വർഷം - 250 രൂ., ആയുഷ്ക്കാലം (12 വർഷം) - 1000 രൂ.

ലേഖനം

# ഡിജിറ്റൽ യുഗത്തിലെ പെന്തക്കോസ്തി പെരുന്നാൾ

ഫാ. എബ്രഹാം കാരാമ്മേൽ

**ആമുഖം**

പെന്തക്കോസ്തി ദിവസമാണ് യേശുക്രിസ്തുവിന്റെ കൂട്ടായ്മക്ക് രൂപവും ഭാവവും കൈവരുന്നത്. പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ ക്രിസ്തുവചനങ്ങളിലും പരസ്യശുശ്രൂഷകളുടെ വിവിധ ഘട്ടങ്ങളിലും നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. എന്തായാലും അതുവരെയും ഉണ്ടായിരുന്ന ഭയത്തെ അതിജീവിച്ച് യേശുവിന്റെ തിരോധാനത്തെ പരിപൂർണ്ണമായും നികത്തി അസാമാന്യമായ ധൈര്യം സംഭരിച്ച് യേശുവിന്റെ കൂട്ടായ്മ (Jesus Community) മുന്നേറുന്നതാണ് ഇവിടെ നാം കാണുന്നത്. യേശുവിനുശേഷം അപ്പസ്തോലന്മാരിൽ വന്നുചേരുന്ന വലിയ വെല്ലുവിളി യേശുവിനെയും അവന്റെ പ്രവർത്തനങ്ങളെയും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക എന്ന ഏറ്റവും ശ്രമകരമായ ഉത്തരവാദിത്വമായിരുന്നു. മത, ഭാഷ, സാംസ്കാര ബഹുലമായ ഒരു സാമൂഹ്യ അന്തരീക്ഷത്തിൽ ക്രിസ്തുസമൂഹത്തിന് ഇടം പിടിക്കാൻ സാഹചര്യം ഒരുക്കുക എന്നത് ശ്രമകരമായ ദൗത്യം തന്നെയായിരുന്നു. അതോടൊപ്പം യഹൂദ ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെ പ്രവചനങ്ങളുടെയും പൂർത്തീകരണമാണ് യേശുവിന്റെ മനുഷ്യാവതാരവും പ്രവർത്തനവും എന്നും അവർക്ക് സ്ഥാപിക്കേണ്ടിയിരുന്നു. ഇതിനെല്ലാം ക്രിസ്തുശിഷ്യന്മാർക്ക് പുതിയൊരു ഭാഷ (New Language) ആവശ്യമായിരുന്നു. അതാണ് പെന്തക്കോസ്തി ദിവസം ശിഷ്യന്മാർക്ക് ലഭിച്ചത്. സംവേദനത്തിന്റെ, ധൈര്യത്തിന്റെ, പാണ്ഡിത്യത്തിന്റെ, വിവിധങ്ങളായ നൽവരങ്ങളിലൂടെ മറ്റേതൊരു ഭാഷയിലേക്കും കടന്നുകയറാൻ ശേഷിയുടെ പുതിയ ഭാഷാനൈപുണിയുടെ കരവിരുത് ആണ് അവർ അന്ന് പ്രാപിച്ചത്.

ഇന്ന് ഈ ആധുനിക സാങ്കേതികവിദ്യയുടെ കാലഘട്ടത്തിൽ നാം ഒരു അനുഷ്ഠാനമായി മാത്രം പെന്തക്കോസ്തി പെരുന്നാളിനെ കണ്ടാൽ മതിയോ എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. നമ്മുടെ ഭാഷാശേഷിയും സംവേദനശേഷിയും ഭാവനയും യന്ത്രങ്ങൾ കവർന്നുപോകുന്ന സന്ദർഭം ആണ് ഇത് എന്ന് ഓർക്കണം. നാം ഇന്ന് തികച്ചും യാന്ത്രികമായി ചലിക്കപ്പെടുന്നു. നാം എന്ത് ചിന്തിക്കണമെന്നും എന്തു പറയണമെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും നമ്മെ വരിഞ്ഞു മുറുക്കിയ സാങ്കേതികവിദ്യയുടെ ലോകം തീരുമാനിക്കുന്നു. അതോടൊപ്പം ലാഭക്കൊതിയിൽ 'ടെക്' ഭീമന്മാർ മനുഷ്യരെയും മനുഷ്യശേഷിയെയും യന്ത്രങ്ങളിലേക്ക് ചുരുക്കുമ്പോൾ പരിശുദ്ധാത്മാവിൽ ഉന്മത്തരായി മാറിവരുന്ന ഈ ലോകത്തോട് സംവദിക്കാൻ ആവശ്യമായ പുതിയ ഭാഷകളെ സ്വായത്തമാക്കി മുന്നേറാൻ നമുക്ക് കഴിയുമോ എന്ന ഒരു സന്ദേഹവുമാണ് ഈ കുറിപ്പ് മുന്നോട്ടു വയ്ക്കുന്നത്.

**പെന്തക്കോസ്തി പെരുന്നാൾ പഴയ-പുതിയനിയമ കാലഘട്ടത്തിൽ**

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലെ സുപ്രധാനമായ പെരുന്നാളുകളിൽ ഒന്നാണ് ഇത്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന ശിഷ്യന്മാരിൽ പരിശുദ്ധാത്മാവ് ഇറങ്ങിയാവസിച്ച് അവരെ ആത്മനിറവുള്ളവരാക്കിയതിന്റെ സ്മരണയും അത് സഭ ആനുകാലികമായി അനുഭവിക്കുന്നതുമാണ് പെന്തക്കോസ്തി പെരുന്നാൾ. പഴയനിയമ പെന്തക്കോസ്തി പെരുന്നാളിന്റെ പരിശുദ്ധാത്മാവിലുള്ള പുനരാവിഷ്കാരവും പുതുവെളിപാടുമാണ് പുതിയനിയമ സഭ ആഘോഷിക്കുന്ന പെന്തക്കോസ്തി പെരുന്നാൾ.

യഹൂദചരിത്രത്തിൽ ഈ പെരുന്നാൾ വ്യത്യസ്തനിലകളിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം കൃഷിയുമായി ബന്ധപ്പെട്ട് ഗോതമ്പുപാടങ്ങളുടെ വിളവെടുപ്പിന്റെ പെരുന്നാൾ എന്ന നിലയിലാണ് (പുറ. 34:22). ജനതയ്ക്ക് ആദ്യഫലങ്ങളെ നൽകിയ ദൈവത്തോടുള്ള നന്ദി പറച്ചിലാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. പെന്തക്കോസ്തി പെരുന്നാൾ, പെസഹാ പെരുന്നാളിനു ശേഷം അൻപത് ദിവസം കഴിഞ്ഞാണ് വരുന്നത്. ഗ്രീക്ക് കാലഘട്ടത്തിൽ (300 ബി.സി.-എ.ഡി.300) ഈ പെരുന്നാളിന് കൃഷിയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന അർത്ഥത്തിനുപകരം യഹൂദമത ചരിത്രവുമായി ബന്ധപ്പെട്ട് യഹോവയും നോഹയുമായി നടത്തുന്ന ഉടമ്പടിയുടെ അനുസ്മരണമായി വ്യാഖ്യാനിക്കാൻ തുടങ്ങി (ജൂബി. 6:1-21; ഉല്പ. 8:20-22, 9:8-17). എന്നാൽ എ.ഡി. 70 ലെ യെരുശലേം ദേവാലയത്തിന്റെ തകർച്ച

യ്ക്കുശേഷം സീനായ് പർവ്വതത്തിൽ വച്ച് ന്യായപ്രമാണം നൽകിയ ദിവസമായി കണക്കാക്കി തുടങ്ങി എന്നും കാണാൻ സാധിക്കും (പുറ. 19:1). ഇങ്ങനെ വ്യത്യസ്ത കാലഘട്ടങ്ങളിൽ ഈ പെരുന്നാളിന് വിവിധ അർത്ഥം കൈവരുന്നതിന്റെ പിന്നിൽ യിസ്രായേലിന്റെ ചരിത്രഗതി അനുസരിച്ച് അവരുടെ പെരുന്നാളുകൾക്ക് കാലികമായി അർത്ഥം അവർ കണ്ടെത്തി എന്നുവേണം കരുതാൻ.

പുതിയനിയമത്തിലേക്ക് എത്തുമ്പോൾ പഴയനിയമ പെരുന്നാളുകൾക്ക് ഇതുപോലെ തന്നെ പുതിയ അർത്ഥം കണ്ടെത്തി കാലാനുസൃതമായി അതിനെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതും പഴയനിയമത്തിലൂടെ വികസിച്ചു വന്ന രക്ഷാചരിത്രത്തിന്റെ തുടർച്ചയെ സൂചിപ്പിക്കുന്നതിനും വേണ്ടിയാണ്. പഴയനിയമ പെരുന്നാളുകളായ പെസഹാ, കൂടാരപ്പെരുന്നാൾ, പെന്തക്കോസ്തി തുടങ്ങിയവ ഇപ്രകാരം തുടർന്നുവന്ന പെരുന്നാളുകളാണ്. യേശുക്രിസ്തുവിലൂടെ ദൈവം ചരിത്രത്തിൽ നടത്തുന്ന ഇടപെടലുകളെ ചേർത്തുവച്ച് പുതിയനിയമത്തിൽ ഈ പെരുന്നാളുകൾക്ക് ഓരോന്നിനും അർത്ഥം നൽകുന്നുവെന്നു മാത്രം. അതുമാത്രമല്ല, ഈ പെരുന്നാളുകളെല്ലാം യേശുക്രിസ്തുവിൽ പൂർത്തിയാകുന്നു എന്നും പുതിയനിയമം പഠിപ്പിക്കുന്നു. ഈ പെരുന്നാളുകൾ പഴയനിയമ കാലഘട്ടത്തിൽ നിഴലായി നിലനിന്നിരുന്നുവെങ്കിൽ പുതിയനിയമത്തിലെത്തുമ്പോൾ അത് പൂർത്തിയാക്കപ്പെടുകയാണ്. പഴയനിയമത്തിൽ ഇത് സ്മരണകളും ഓർമ്മകളും നന്ദി പറച്ചിലുമാണ് എങ്കിൽ പുതിയ നിയമത്തിൽ ദൈവത്തിന്റെ മഹാശക്തിയുടെ പകരപ്പെടലാണ് ഇതിലൂടെ നാം കാണുന്നത്. അതായത് വീണ്ടെടുക്കപ്പെട്ടവരുമായി നടത്തുന്ന ദൈവത്തിന്റെ ഉടമ്പടിയായാണ് പുതിയനിയമ സഭ പെന്തക്കോസ്തി പെരുന്നാളിനെ കാണുന്നത്.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ സാക്ഷ്യങ്ങളും ചില വെളിപ്പെടുത്തലുകളും ഒഴിച്ചാൽ ക്രിസ്തുശിഷ്യന്മാരിലേക്കുള്ള പരിശുദ്ധാത്മാവിന്റെ കടന്നുവരവും അതിന്റെ അടയാളവും കാണുന്നത് പെന്തക്കോസ്തി ദിവസം ശിഷ്യന്മാർ ഒരുമിച്ച് കൂടിയിരിക്കുമ്പോഴാണ് (അപ്പ. 2:1-13). ഇതിൽ പ്രധാനമായും നാം കാണുന്നത് ആത്മാവ് കൊടുത്ത ഭാഷാവരത്തെക്കുറിച്ചാണ്. റോമൻ ഭരണത്തിലിരുന്ന യെരുശലേം എന്ന മഹാനഗരത്തിൽ അനേക ജനതകളും ഭാഷാന്യൂനപക്ഷങ്ങളും വിവിധ ദേശീയത പേറുന്നവരും ഈ സംഭവത്തിന് സാക്ഷികളായി അവിടെയുണ്ടായിരുന്നു എന്ന് രേഖപ്പെടുത്തുന്നു (അപ്പ. 2:9-11). അപ്പസ്തോലന്മാർ, ആത്മാവ് കൊടുത്ത ഭാഷാനൽവരം അനുസരിച്ച് വിവിധ ഭാഷകൾ സംസാരിക്കാൻ തുടങ്ങി എന്നും അവർ പറഞ്ഞ ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ അവിടെ കൂടിയിരുന്നവരുടെ മാതൃഭാഷകളിൽ കേൾക്കുവാനും മനസ്സിലാക്കുവാനും കഴിഞ്ഞുവെന്നാണല്ലോ അവിടെ പറയുന്നത്. ഭാഷാപരമായി അതുവരെ ഉണ്ടായിരുന്ന വേർതിരിവ് അന്നത്തോടെ അവസാനിച്ചു. യെരുശലേമിലും ഗലീലായിലും ശമരിയ, യൂദയ പ്രദേശങ്ങളിലും മാത്രം തദ്ദേശീയമായി കേട്ടിരുന്ന ദൈവശബ്ദം തികച്ചും അന്തർദേശീയമായി എന്ന് ചുരുക്കം. പഴയനിയമത്തിൽ ബാബേലിൽ ഭാഷകളെ ദൈവം കലക്കി കളഞ്ഞുവെങ്കിൽ പെന്തക്കോസ്തി ദിവസം ദൈവം അതിനെ ഏകീകരിച്ചു. അതുവരെയും സംവേദനക്ഷമമല്ലാതെ ഭാഷകൾ നിലനിന്നിരുന്നുവെങ്കിൽ ഇന്ന് ഭാഷകളെ ദൈവം സംവേദനക്ഷമമാക്കി എന്നു മാത്രമല്ല, പരിശുദ്ധാത്മാവിലുള്ള ഒരു പുതിയ ഭാഷ അവിടെ രൂപം പ്രാപിക്കുകയും ചെയ്തു. ദേശത്തിനും ഭാഷയ്ക്കും അതീതമായി ക്രൈസ്തവസഭയ്ക്ക് സാർവ്വത്രികത അതുവഴി കൈവരികയായിരുന്നു. സഭയെക്കുറിച്ച് ചിന്തിക്കുമ്പോൾ രാജ്യത്തിന്റെ അതിരുകൾക്കനുസരിച്ച് അതിന്റെ സ്വത്വത്തെ നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നതും അതുകൊണ്ടാണ്. അതോടൊപ്പം സഭയുടെ ഭാഷ പെന്തക്കോസ്തിയിലേതുപോലെ അത്രസംവേദനക്ഷമമാകണം. ജനതകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ദൈവശബ്ദം ആകണമെന്നും ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ സംഭവത്തിന് പഴയനിയമ സംഭവങ്ങളുമായി വളരെ സാമ്യമുണ്ട്. അവിടെ കാണപ്പെട്ടത് 'അഗ്നിനാവുകളും' 'കൊടിയ കാറ്റും' എന്ന് രേഖപ്പെടുത്തുന്നുണ്ട്. ഏലിയ പ്രവാചകൻ സീനായ് മലയിൽ വച്ച് കാണുന്നതും അനുഭവിക്കുന്നതും ഇതുതന്നെയാണ് (1. രാജാ. 19:11-12). ഇസ്രായേലിന്റെ നേതൃത്വത്തെ വെല്ലുവിളിക്കാൻ ദൈവസന്നിധിയിൽ നിന്ന് ലഭിക്കുന്ന അഭിഷേകമായിരുന്നു അന്ന് പ്രവാചകൻ പ്രാപിച്ചത്. ഇതുപോലെതന്നെയാണ് പെന്തക്കോസ്തിയിലും സംഭവിക്കുന്നത്. ഈ സംഭവത്തെ പത്രോസ് പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിച്ച് (അപ്പ. 2:17-21 = യോവേൽ 2:28-32) സാധൂകരണം നൽകുന്നുണ്ട്. അതോടുകൂടി ഇത് യേശുവിന്റെ മരണവും പുനരുദ്ധാനവുമായി അദ്ദേഹം ബന്ധപ്പെടുത്തുന്നുമുണ്ട് (അപ്പ. 2:25-28 = സങ്കീ. 16:8-11; അപ്പ. 2:34 = സങ്കീ. 110:1) എന്ന് ചേർത്ത് ചിന്തിക്കുന്നതും നന്നായിരിക്കും.

*ശേഷം 16-ാം പേജിൽ*

ലേഖനം

# സഭാ ദർശനം: പഴയനിയമത്തിൽ

ഫാ. ഏലിയാസ് കെ. വി.

**ആമുഖം**

ഇന്ന് നാം ഉപയോഗിക്കുന്ന അർത്ഥത്തിൽ ഒരു 'സഭ' പഴയനിയമ പുസ്തകങ്ങളിൽ പരാമർശിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ ഒരു പഴയനിയമ സഭാവിജ്ഞാനീയം രൂപപ്പെടുത്തുക പ്രയാസമാണ്. 'സഭ' എന്ന സംജ്ഞ 'കുറിയാക്കോസ്' എന്ന യവന പദത്തിന്റെ മലയാള വിവർത്തനമാണ്. കർത്താവിനടുത്തത്/അവകാശപ്പെട്ടത് എന്നാണാവാക്കിന്റെ അർത്ഥം. പുതിയ നിയമത്തിൽ സഭയെക്കുറിക്കുന്നതിനു ഉപയോഗിച്ചിട്ടുള്ള യവനപദം 'എക്ലേസിയ' എന്നതാണ്. ഇതിന് 'കൂട്ടം', 'വിളിച്ചുചേർക്കപ്പെട്ടത്' എന്നൊക്കെ അർത്ഥകല്പനയാകാം. പഴയനിയമത്തിന്റെ യവനപരിഭാഷയായ സപ്തതി (LXX-Septuagint) യിൽ എബ്രായ പദമായ 'ഖാഹാൽ' എന്നവാക്കിന്റെ പരിഭാഷയാണ് 'എക്ലേസിയ'. മറ്റൊരു എബ്രായപദമായ 'ഏദാഹ്' നെ 'സുനഗോഗെ' എന്നുവിവർത്തനം ചെയ്തിട്ടുള്ളതും പഠനവിധേയമാക്കേണ്ട സംജ്ഞയാണ്. പഴയനിയമ യിസ്രായേൽ സമൂഹത്തെ വ്യാഖ്യാനിക്കുവാൻ ആധുനിക വേദപഠിതാക്കൾ ഉപയോഗിക്കുന്ന സാങ്കേതിക സംജ്ഞയായ 'ആംഫിക്ടിയോണിക്' സമൂഹം എന്നതും വിശകലനം ചെയ്യാവുന്നതാണ്. 'ദൈവജനം' (ആം അദോനായ്) എന്നതും പഴയനിയമ യിസ്രായേലിനെക്കുറിക്കുന്ന പദമാണ്. പുതിയ നിയമത്തിൽ 'എക്ലേസിയ' എന്നവാക്കിന്റെ പ്രത്യേക അർത്ഥങ്ങളെല്ലാം ക്രിസ്തീയ സഭയുടെ ചരിത്രത്തിൽ ഉരുത്തിരിഞ്ഞിട്ടുള്ളവയാണ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. ('സഭ' ഉണ്ടായതിനുശേഷമാണ്, സഭയ്ക്കുവേണ്ടിയാണ് പുതിയ നിയമ പുസ്തകങ്ങൾ എഴുതപ്പെട്ടതും ക്രോഡീകരിക്കപ്പെട്ടതും). ഇത്രയും ആമുഖമായി സൂചിപ്പിച്ചുകൊണ്ട് പഴയനിയമത്തിലെ ചില സാങ്കേതിക പദങ്ങളിലേയ്ക്ക്

**1. ഖാഹാൽ**

ഈ എബ്രായനാമത്തിന് കൂട്ടം, വിളിച്ചുചേർക്കപ്പെട്ട ജനം എന്നാണർത്ഥം. പഴയനിയമത്തിൽ 176 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിൽ 39 പ്രാവശ്യം ക്രിയാരൂപത്തിലും 122 പ്രാവശ്യം നാമരൂപത്തിലും പിന്നെ ശേഷിക്കുന്ന 15 പ്രാവശ്യം സ്ഥലനാമമായും മറ്റും കാണുന്നു. ആകെയുള്ള 176 പ്രയോഗങ്ങളിൽ കൂടുതലും പഞ്ചഗ്രന്ഥങ്ങളിലാണ് (ന്യായപ്രമാണ പുസ്തകങ്ങൾ). ചരിത്രപുസ്തകങ്ങളിലും പ്രവചന ഗ്രന്ഥങ്ങളിലും കാണുന്നുണ്ട് എങ്കിലും പ്രവാസത്തിനുമുമ്പുള്ള പ്രവചന ഗ്രന്ഥങ്ങളിൽ (ആമോസ്, യെശയ്യാവ്, ഹോശേയ, മീഖാ) ഈ പദം കാണുന്നില്ല.

'ഖാഹാൽ' എന്നവാക്ക് ജനത്തിന്റെ (ആളുകളുടെ) കൂടിവരവിനു മാത്രമേ ഉപയോഗിച്ചുകാണുന്നുള്ളൂ. മൃഗങ്ങളുടെ കൂട്ടത്തെയോ വസ്തുക്കളെയോ ഇത് സൂചിപ്പിക്കുന്നില്ല. പലപ്പോഴും ഒരു വിശേഷണത്തോടുചേർത്താണ് ഈ നാമം കാണുന്നത്. വിളിച്ചുചേർക്കപ്പെട്ട ജനത്തിന്റെ കൂടിവരവിന്റെ ഉദ്ദേശ്യം, കൂടിവന്നവർ/വരുന്നവർ ആര് എന്ന വിശദീകരണം എന്നിവയാണ് നാമവിശേഷണത്തിലൂടെ വെളിപ്പെടുത്തുന്നത്. 'ഖാഹാൽ യിസ്രായേൽ' – 'യിസ്രായേൽ സഭ' എന്ന് 13 പ്രാവശ്യം ഉണ്ട്. യിസ്രായേൽ സഭയുടെ കൂട്ടം (പുറ. 12:6), യിസ്രായേൽ സഭയുടെ സർവ്വസംഘം (സംഖ്യ 14:5); ജനത്തിന്റെ സർവ്വസംഘം (യിരെ. 26:17); ഭക്തന്മാരുടെ സഭ (സങ്കീ. 149:1); ദൈവത്തിന്റെ സഭ (നെഹെ 13:1); എന്നിങ്ങനെ വ്യത്യസ്ത വിശേഷണങ്ങളോടെ 'ഖാഹാൽ' എന്നപദം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

ഈ എബ്രായ പദത്തിന്റെ ഉല്പത്തിയെക്കുറിച്ച് രണ്ടു വ്യത്യസ്ത പഠനങ്ങളാണുള്ളത്. 1. 'വിളിക്കുക' എന്നർത്ഥം വരുന്ന 'ഖോൽ' എന്ന ക്രിയാപദത്തിൽ നിന്നാണ് ഈ പദമുണ്ടായത്. 2. അശ്ശൂർ ഭാഷയിൽ 'കൂടിവരുത്തുക' എന്നർത്ഥമുള്ള 'കു' ഉലൂ' എന്നപദത്തിൽ നിന്നാണ് 'ഖാഹാൽ' എന്നതാണ് രണ്ടാമത്തെ ചിന്ത. 'ഖാഹാൽ' ഒരടിസ്ഥാന പദമാണ്. മറ്റൊന്നിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതല്ല എന്ന ചിന്താഗതിയുള്ളവരും ഉണ്ട്. ഖോൽ, കു' ഉലൂ എന്നീപദങ്ങൾക്ക് 'ഖാഹാൽ'മായി ബന്ധമൊന്നുമില്ലെന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു.

ഖാഹാൽ എന്നവാക്കിന്റെ പ്രാഥമിക അർത്ഥം 'ഒന്നിച്ചുകൂടിയ ജനം' എന്നാണ്. ഓരോ സാഹചര്യമനുസരിച്ചുമാത്രമാണ് ഈ വാക്കിന് അഥവാ ഒരുമിക്കുന്ന ജനസംഘത്തിന് അർത്ഥ-ലക്ഷ്യ സാധൂകരണം ഉണ്ടാകുക. വാക്കിനോടുചേരുന്ന വിശേഷണമാണ് അത് നൽകുന്നത്. പര്യായപദങ്ങളും വിപരീതപദങ്ങളും പദസമുച്ചയങ്ങളും വിഭിന്ന സാഹചര്യങ്ങളും എല്ലാം ചേർത്തു വായിക്കുമ്പോഴാണ് അർത്ഥം വ്യക്തമാകുക. ഇപ്രകാരം കൂടുന്ന സംഘങ്ങളുടെ ലക്ഷ്യത്തെ അധികരിച്ച് ഖാഹാലിന്

a. യുദ്ധത്തിനായി ഒരുമിച്ചു ചേരുന്ന സംഘം (ഉല്പ. 49:6, സംഖ്യ. 22:4, യെഹ. 16:40, 1 ശമു. 19:20).
b. പ്രവാചക സംഘം (1 ശമു. 19:20)

c. രാജസഭ/ദൈവസഭ (സംഖ്യ 16:3, 1 ദിനവൃ. 28:8)
d. ദുഷ്പ്രവൃത്തിക്കാരുടെ സംഘം (സങ്കീ. 26:5)
e. പെരുന്നാളാഘോഷിക്കുന്ന ജനം (1 രാജാ. 8:65, 2 ദിനവൃ. 30:13, സിറാക് 50:13, 20)
f. പിറുപിറുപ്പിന്റെ കൂട്ടം (disorderly mob) (സിറാക് 26:6)
g. പൊതുകാര്യ താല്പര്യപൂർവ്വം കൂടുന്ന സംഘം

എന്നിങ്ങനെ വ്യത്യസ്ത മായ അർത്ഥത്തിൽ മനസ്സിലാക്കാനാകും. 'ജനങ്ങളുടെ കൂടിവരവ്' എന്ന അടിസ്ഥാന അർത്ഥം ഇവയിലെല്ലാം വ്യക്തം. കൂടിവരുന്നവരുടെ സംഖ്യാബാഹുല്യം (qualitative meaning) ഇവിടെകാണാവുന്നതാണ്. സമാന്തരമായി പര്യായ-വിപരീത പദങ്ങൾ ചേർത്തുപയോഗിക്കുന്നതും വ്യക്തമായി നിയമാനുസൃതം രൂപീകരിക്കപ്പെട്ട ഒരു സമിതിയാണ് 'ഖാഹാൽ' എന്ന സൂചന നൽകുന്നില്ല.

മതപരമായ സൂചനയോടെ ഖാഹാൽ ഉപയോഗിക്കുന്ന ചില വേദഭാഗങ്ങളുണ്ട്. 'യഹോവയുടെ സഭ' (ഖാഹാൽ യാഹ്വെ, ആവ. 23:1-8) എന്നത് പ്രത്യേകതയുള്ള പ്രയോഗമാണ്. 'യഹോവയുടെ സഭ'യിൽ അംഗമാകാനുള്ള ചില ഘടകങ്ങളാണവിടെ പരാമർശം. അസന്മാർഗ്ഗികതയാണ് ദൈവസഭയിൽ നിന്ന് ചിലരെ പുറത്താക്കണമെന്ന നിർദ്ദേശത്തിനു നിദാനം.

പത്തുകല്പനകൾ സ്വീകരിക്കുന്ന പരാമർശത്തിൽ (ആവ. 5:22) ഖാഹാൽ യിസ്രായേൽ ജനത്തെമുഴുവൻ സൂചിപ്പിക്കുന്നു. ഹോരേബിൽ സാന്നിധ്യമുള്ളവർ മാത്രമല്ല, നിയമ പേടകത്തിൽ/സാക്ഷ്യപേടകത്തിൽ പത്തുകല്പന പേറുന്ന സമൂഹം മുഴുവനും ഖാഹാലിന്റെ ഭാഗമാണിവിടെ. പെരുന്നാളുകൾക്കും മറ്റുമായി കൂടിവരുന്ന ജനത്തെയും ഈ പദം കൊണ്ട് വിവക്ഷിക്കുന്നുണ്ട് (ആവ. 4:10, 31:12) അനുഷ്ഠാന പശ്ചാത്തലമാണ് ഖാഹാലിന് യോശുവാ-രാജാക്കന്മാരുടെ പുസ്തകങ്ങളിൽ കാണുന്നത് (യിസ്രായേൽ സഭ മുഴുവനും, യോശു. 8:35, 1. രാജാ. 8:14, 22, 55) ന്യായാധിപന്മാരുടെ പുസ്തകത്തിൽ യുദ്ധ സന്നദ്ധരായി കൂടുന്നതും (20:2, 21:5, 8, 1 ശമൂ. 17:47). പ്രാദേശികമായി ചേരുന്ന ആരാധനാസമൂഹം എന്ന അർത്ഥം പ്രവാചക പുസ്തകങ്ങളിൽ കാണാം (മീഖാ. 2:5, യോവേൽ 2:16). 'ദൈവത്താൽ വിളിച്ചു ചേർക്കപ്പെട്ട ജനം എന്നയർത്ഥമാണ് പ്രവാസ-പ്രവാസാനന്തര പ്രവചനങ്ങളിൽ കാണുന്നത്. മഹാസംഘം എന്നാണ് ഇങ്ങനെ വിളിച്ചുചേർക്കപ്പെടുന്ന സംഘത്തിന്, സഭയ്ക്ക് സത്യവേദപുസ്തകം പറയുന്ന പേര് (യിരെ. 31:8, 44:15, 26:17, 50:9).

ദിനവൃത്താന്ത ചരിത്രകാരൻ രണ്ടർത്ഥത്തിൽ 'ഖാഹാൽ' എന്ന വാക്കുപയോഗിക്കുന്നുണ്ട് (1) അളവ്/സംഖ്യാധിഷ്ഠിതമായ സാങ്കേതികാർത്ഥത്തിൽ (2) ഒരാരാധനാ സമൂഹമെന്ന വിധം. സങ്കീർത്തനങ്ങളിലെ 9 പരാമർശങ്ങളിൽ എട്ടും ആരാധനാ സമൂഹത്തെയാണ് കുറിക്കുന്നത് (22:25, 35:18, 40:9-10, 89:5, 107:32, 149:1). 26.5 ൽ ദുഷ്പ്രവൃത്തിക്കാരുടെ സംഘത്തെ കുറിക്കുന്നു.

ജ്ഞാനസാഹിത്യത്തിൽ വ്യത്യസ്ത അർത്ഥങ്ങളിൽ ഖാഹാൽ ഉപയോഗിച്ചിട്ടുണ്ട്. 'ഖാഹാൽ' എന്നപദം കൊണ്ട് 'പ്രത്യേകമായി കൂടുന്ന സഭ' എന്നാണ് പണ്ഡിതരുടെ പൊതുമതം, ആ കൂടുന്ന സമയത്തുമാത്രം പ്രസക്തമായ പ്രയോഗം. ഇന്ന് നാം അർത്ഥമാക്കുന്ന പ്രകാരം സ്ഥിരാംഗത്വമുള്ള ഒരു സമൂഹം എന്ന ധ്വനി അതിനില്ല. പലപ്പോഴും അത് 'മത'ത്തിനു വെളിയിലുള്ള ഒരു കൂട്ടമാണ്. വിവിധോദ്ദേശ്യങ്ങൾക്കായി ആവശ്യ സന്ദർഭങ്ങളിൽ വിളിച്ചു ചേർക്കപ്പെടുന്ന സമൂഹം. പിൽക്കാല യഹൂദചരിത്രത്തിൽ ഈ വാക്ക് യഹോവയുമായുള്ള ബന്ധത്തിൽ കൂടിവരുന്ന സമൂഹത്തെ സൂചിപ്പിക്കുന്ന പദമാക്കി. അതുകൊണ്ട് നൂറിലധികം പ്രയോഗങ്ങളെ സപ്തതിയിലെ വിവർത്തനത്തിൽ മതപശ്ചാത്തലത്തിലുള്ള പദമായി ആഖ്യാനം ചെയ്തു. അങ്ങനെ ഈ പദം ദൈവജനത്തെ പരാമർശിക്കുന്ന പദമായി.

**2. ഏദാഹ്**

യിസ്രായേലിന്റെ മതപരമായ കൂടിവരവിനെ സൂചിപ്പിക്കുന്ന പദം 'ഏദാഹ്' ആണ്. സപ്തതി ഈ വാക്കിനെ 'സുനാഗോഗേ' എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. യഹോവയുടെ ഭരണത്തിൽ ഏകീഭവിച്ചിരിക്കുന്ന യിസ്രായേൽ ജനത്തെ ഇതുകൊണ്ട് സൂചിപ്പിക്കുന്നു. 'നിയമിക്കുക' എന്നർത്ഥമുള്ള 'യഅദ്' എന്ന എബ്രായ ക്രിയാപദത്തിൽ നിന്നാണ് 'ഏദാഹ്' എന്ന നാമത്തിന്റെ ഉല്പത്തി. ഒന്നിച്ചുവരിക, കണ്ടുമുട്ടുക എന്നും ക്രിയാപദത്തിന് അർത്ഥമുണ്ട്. പുരാതന പശ്ചിമേഷ്യൻ ഭാഷകളിൽ തത്തുല്യമായ ക്രിയാ-നാമരൂപങ്ങൾ ഉണ്ടെന്നത്, പദവ്യുൽപ്പത്തിയുടെ സാധുതയെ ഉറപ്പാക്കുന്നു (ഉഗാറിത്ത്, എലിഫന്റൈൻ ഉപയോഗം) 'സുനാഗോഗേ' എന്നാണ് സപ്തതിയിലെ വ്യാപകമായ യവനഭാഷാന്തരമെങ്കിലും ചില സന്ദർഭങ്ങളിലെങ്കിലും 'യുദ്ധസംഘം', 'കലഹമുണ്ടാക്കുന്ന കൂട്ടം', 'ആലോചനാ സമിതി' എന്നും ഈ വാക്കിന്റെ വിവർത്തനമുണ്ട്. ഇത് സൂചിപ്പിക്കുന്നത് 'സപ്തതി' യുടെ കാലമാകുമ്പോഴേക്ക് (ക്രി. മു. 3-ാം നൂറ്റാണ്ട്) 'ഏദാഹ്' എന്ന വാക്കിന് 'സഭ' എന്ന സംജ്ഞയും ആശയവുമായുള്ള ബന്ധത്തിന് ഉടവുതട്ടിയെന്നാണ്.

149 പ്രാവശ്യം പഴയനിയമത്തിൽ 'ഏദാഹ്' എന്നപദമോ രൂപങ്ങളോ കാണുന്നുണ്ട്. അതിൽ 129 ഉം ആദ്യ 6 പുസ്തകങ്ങളിലാണ് (Hexateuch) ആവർത്തനപുസ്തക

ത്തിലില്ല എന്നതും ശ്രദ്ധേയം. അർത്ഥം രണ്ടുതലത്തിൽ:

1. പൊതു സംഘം ചേരൽ, നിയമപരം, അനുഷ്ഠാനപരം, ആരാധനയ്ക്കായി ഒത്തുചേരുന്ന സമൂഹം, പൊതുകാര്യത്തിനായി ചേരുന്നവർ.

2. മൃഗങ്ങളുടെ കൂട്ടം, ദുഷ്കാര്യങ്ങൾക്കായി കൂടുന്ന സംഘം, ജനക്കൂട്ടം.

സംഖ്യാ പുസ്തകം 1:2 ൽ യിസ്രായേലിന്റെ ജനസംഖ്യാ കണക്കെടുപ്പിനെക്കുറിച്ച് പറയുന്നുണ്ട്. ഇരുപത് വയസ്സിനു മുകളിൽ, യുദ്ധ പ്രാപ്തിയുള്ള പുരുഷന്മാരുടെ സംഘം. ലേവ്യാഗോത്രത്തെ ഒഴിവാക്കിക്കൊണ്ടുള്ള കണക്കാണ് തുടർന്നുകൊടുക്കുന്നത്, കണക്കെടുക്കുവാൻ ഓരോ ഗോത്രത്തിൽ നിന്നും തലവനായ ഒരാൾ ഉൾക്കൊള്ളുന്ന ഒരു ചെറുസംഘവും വേണം. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം ഏദാഹ് എന്നാണ്. ഇവിടെ 'ഏദാഹ്' യുദ്ധപ്രാപ്തിയുള്ള പുരുഷന്മാരുടെ സംഘമാണ്, യുദ്ധസന്നദ്ധമായ സംഘത്തേയാണ് ന്യായാ. 20:1, 21:10, 13, 16 ഭാഗങ്ങളിലും കാണുന്നത് മോശെയ്ക്കും അഹരോനും എതിരെ പിറുപിറുത്ത് ഒരു തലവനെ നിശ്ചയിച്ച് മിസ്രയീമിലേയ്ക്കു മടങ്ങാമെന്നു തീരുമാനിക്കുന്ന യിസ്രായേൽ ജനത്തെക്കുറിക്കുന്നതിനും (സംഖ്യ 14:1-4) ഏദാഹ് ഉപയോഗിക്കുന്നു. ഇവിടെല്ലാം പൊതുതാല്പര്യത്തോടെ ഒത്തുചേരുന്ന സംഘം എന്ന് വ്യക്തം.

മെസോപൊത്താമിയൻ സംസ്കാരത്തിൽ നിന്ന് വ്യക്തമാകുന്ന മറ്റൊരാശയം 'പ്രാചീന ജനാധിപത്യ' വുമായി ബന്ധപ്പെട്ടാണ്. ജനസമൂഹം ചേർന്ന് ഒരാളെ രാജാവാക്കുന്ന കാര്യമാണിത്. ശലോമോനുശേഷം യെരൊബെയാമിനെ രാജാവാക്കുന്നത് 'യിസ്രായേലൊക്കെയും' ചേർന്നാണ് (1. രാജാ. 12:20). യിസ്രായേലിലെ ആദ്യരാജാവായ ശൗലിനെ സംബന്ധിച്ചും ഇങ്ങനെയൊരു കഥയുണ്ട്. രാജത്വം ശക്തിപ്രാപിച്ചപ്പോൾ ഈ ജനാധിപത്യ രീതിനിന്നുപോയി എന്ന് മനസ്സിലാക്കാം. സാക്ഷ്യപേടകം താൻ പണിത ദേവാലയത്തിലേയ്ക്കു കൊണ്ടുവരുന്നതിന് സാക്ഷികളാകാൻ ശലോമോൻ യിസ്രായേൽ സഭയെ കൂട്ടിവരുത്തുന്നുണ്ട് (1. രാജാ. 8:5, 2 ദിനവൃ. 5:6).

'ഏദാഹ്' ന് എന്ത് അധികാരമാണുണ്ടായിരുന്നത്? നേതാക്കന്മാരെ നിയമിക്കാനും നീക്കാനും അധികാരമുണ്ടായിരുന്നുവെന്ന് വ്യക്തം. കൂടാതെ യുദ്ധം നടത്തുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനും സഭയ്ക്ക്/സംഘത്തിന് അധികാരമുണ്ടായിരുന്നു (സംഖ്യ. 32:4, യോശു. 22:12, 16). നിയമപരമായി മറ്റുചില ഉത്തരവാദിത്തങ്ങളും സഭയ്ക്ക് ഉണ്ടായിരുന്നതായി മനസ്സിലാക്കാം. ദൈവദൂഷണം പറഞ്ഞവനെ കൊല്ലുന്നത് സഭയാണ് (ലേവ്യ. 24:14). ശാബതുലംഘകനെ കല്ലെറിയുന്നതും സർവ്വസഭയാണ് (സംഖ്യ 15:32-36). ദൈവം ശിക്ഷ വിധിക്കുന്നു; ജനം/സഭ അതു നടപ്പാക്കുന്നു. സെലോഫഹാദിന്റെ പുത്രിമാർ അവരുടെ അവകാശം സംബന്ധിച്ച വിഷയം മോശെയുടെയും ഏലെയാസറിന്റെയും പ്രഭുക്കന്മാരുടെയും സഭയുടെയയും മുമ്പാകെയാണ് കൊണ്ടുവന്നത് (സംഖ്യ 27:2 മു.) (വളരെ ബുദ്ധിമുട്ടുള്ള ഈ വിഷയത്തിൽ ദൈവമാണ്, ജനമല്ല വിധി പ്രസ്താവിക്കുന്നത്).

കനാൻ ഒറ്റുനോക്കുവാൻ പോയവർ കൊണ്ടുവന്ന വിവരങ്ങളുടെ മേൽ തീരുമാനമെടുക്കുവാൻ, മോശെയ്ക്കും അഹരോനും മേൽ സമ്മർദ്ദം ചെലുത്തുന്നത് സഭയാണ്/ജനസംഘമാണ് (സംഖ്യ 13-14).

ഏദാഹ് ന് അനുഷ്ഠാനപരമായ പ്രവർത്തനങ്ങളിലും പ്രധാന പങ്കാളിത്തമുണ്ട്. അഹരോനെയും പുത്രന്മാരെയും പുരോഹിതരാക്കുന്ന സന്ദർഭത്തിന് സാക്ഷിയാകുവാൻ സഭ മുഴുവനും സമാഗമനകൂടാരത്തിൽ എത്തുന്നുണ്ട് (ലേവ്യ. 8:1-5). എട്ടാം ദിവസം പുരോഹിതൻ പാപയാഗമർപ്പിക്കുമ്പോൾ അവിടെയും സഭയുടെ സാന്നിദ്ധ്യമുണ്ട് (ലേവ്യ. 9:5). പുരോഹിതൻ ജനത്തെ പ്രതിനിധകരിച്ച് പ്രവർ ത്തിക്കുമ്പോൾ, ജനം/സഭ അവരുടെ അഭിഷേക സമയത്ത് സന്നിഹിതരാകേണ്ടത് തികച്ചും അനുയോജ്യമാണല്ലോ. ലേവ്യരെ വിശുദ്ധീകരിക്കുന്ന സന്ദർഭത്തിലും സഭയുടെ സാന്നിദ്ധ്യമുണ്ട് (സംഖ്യ 8:9-20). ഇവിടെ സഭയ്ക്ക് (ഏദാഹ്) കുറച്ചുകൂടി ഉത്തരവാദിത്തമുണ്ട്. അവർ ലേവ്യരുടെമേൽ കൈവയ്ക്കേണം. കൈവെപ്പ് അധികാര കൈമാറ്റമാണ് (സംഖ്യ. 27:23). ലേവ്യർ ജനത്തിന്റെ പ്രതിനിധികളായി പ്രവർ

## യുവജനപ്രസ്ഥാന മേഖലാ പ്രസിഡന്റുമാർ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഭദ്രാസനത്തിലെ വൈദികപഠനം പൂർത്തിയാക്കിയ ശെമ്മാശന്മാരായ ഡീ. ജോവിൻ ജോഷിയെ കണ്യാട്ടുനിരപ്പ് മേഖലാ പ്രസിഡന്റായും ഡീ. ബേസിൽ ജോയിയെ പിറവം-കൂത്താട്ടുകുളം മേഖലാ പ്രസിഡന്റായും ഡീ. ലിജിൻ ജോണിനെ മൂവാറ്റുപുഴ മേഖലാ പ്രസിഡന്റായും ഇടവക മെത്രാപ്പോലീത്ത നിയമിച്ചു. ഇടുക്കി മേഖലയുടെ പ്രസിഡന്റായി കത്തിപ്പാറത്തടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയായ ഫാ. ജിജോ മത്തായിയെയും മെത്രാപ്പോലീത്ത ചുമതലപ്പെടുത്തി. പുതുതായി ചുമതലയേറ്റെടുക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

ത്തിക്കുന്നതിനാൽ കൈവെപ്പി ലൂടെ ജനം/സഭ അവരെ അതി നായി അധികാരപ്പെടുത്തുകയാണ്. അഹരോൻ മരിക്കുമ്പോൾ അധി കാരം ഏലെയാസറിലേയ്ക്കും, മോശെയ്ക്കുശേഷം യോശുവായി ലേക്കും കൈമാറുന്ന സന്ദർഭങ്ങ ളിൽ സഭയുടെ സാന്നിദ്ധ്യമുണ്ട് (സംഖ്യ. 20:27-29, 27:19-22).

'ഏദാഹ്' തെരഞ്ഞെടുക്ക പ്പെട്ട ഒരു ചെറുസംഘമാകാം. ജന സംഖ്യാ കണക്കെടുക്കുന്നതിന് മോശ തെരഞ്ഞെടുത്ത ഗോത്രത്ത ലവന്മാർ ആഗണത്തിൽപ്പെടും. ചില സന്ദർഭങ്ങളിൽ, സംഭവ ങ്ങൾക്ക് സാക്ഷികളായി വിളിച്ചു ചേർക്കപ്പെടുന്ന ജനസമൂഹമാണ് ഏദാഹ്. പെസഹായുടെ പ്രമാണ ങ്ങൾ കേൾക്കുവാനും, യരുശലേം ദേവാലയത്തിലേക്ക് നിയമപെട്ടകം കൊണ്ടുവരുന്നതിന് സാക്ഷികളാ കുവാനും യിസ്രായേൽ മുഴുവനും സമ്മേളിക്കണം. ജനസംഖ്യ കണ ക്കെടുക്കുമ്പോൾ യുദ്ധപ്രാപ്തരും ലേവ്യരല്ലാത്തവരുമായ പുരുഷന്മാ രാണ് ഏദാഹ്. വിവിധ അധികാ രാവകാശങ്ങൾ, സഭ കൈയ്യാളിയി രുന്നു. ജനാധിപത്യപരമായി രാജാ ക്കന്മാരെയും നേതാക്കളേയും നിയമിക്കുകയും നീക്കുകയും ചെയ്തു. പല സംഭവങ്ങൾക്കും സാക്ഷികളായി. ദൈവത്തിന്റെ വിധി നടപ്പിലാക്കുന്ന സമൂഹമായി. യിസ്രായേൽ സമൂഹത്തിലെ മൂപ്പ ന്മാരുടെ ഗണമായി, ആ വിധത്തിൽ നഗരവാതിക്കൽ നീതി-ന്യായവ്യവ സ്ഥയുടെ കാവലാളായി.

ഖാഹാൽ, ഏദാഹ് എന്നിവ യുടെ അർത്ഥതലങ്ങളുടെ താര തമ്യം നമുക്ക് നൽകുന്ന പാഠമിതാ ണ്. ദൈവകല്പനയാൽ, സീനായ് മലയിൽ ദൈവവുമായി ഉടമ്പടി ബന്ധത്തിൽ വന്ന സമൂഹമാണ് ഖാഹാൽ. പ്രത്യേക ലക്ഷ്യത്തി നായി കൂടിവരുന്ന സന്ദർഭത്തിൽ യിസ്രായേൽ എന്ന ആ സമൂഹം ഖാഹാൽ ആകും. കൂടിവന്നാലും ഇല്ലെങ്കിലും യിസ്രായേൽ ജനത യെക്കുറിക്കുന്ന പൊതുപദമാണ് ഏദാഹ്. ഈ തിരിച്ചറിവിലാകണം 'ഖാഹാലി'നെ 'എക്ലേസിയ' എന്നും ഏദാഹ് നെ സുനഗോഗ് എന്നും സപ്തതിയിലേയ്ക്ക് വിവർത്തനം ചെയ്തത്. യേശു വിന്റെ കാലത്ത് ഒരു ഗ്രാമത്തി ലുള്ള പള്ളിയിൽ ചേർന്നിരുന്ന യഹൂദ കൂട്ടത്തെ സുനഗോഗ് (പള്ളി) എന്നുവിളിച്ചു. ഉടമ്പടി ബന്ധത്തിലൂടെ യഹോവ രക്ഷ യ്ക്കായി വിളിച്ചിട്ടുള്ള യിസ്രായേ ല്യരെയെല്ലാം 'എക്ലേസിയ' എന്നു വിളിച്ചു.

*(തുടരും)*

**നുറുങ്ങുവെട്ടം**

**അവൾ (വസ്ഥി) ദൈവ രഹസ്യങ്ങളുടെ സുവിശേഷം**

അവൾ എന്താണ് അവരിൽനിന്ന് ഒഴിഞ്ഞുമാറിയത്. അധി കാരത്തിന്റെ ചിഹ്ന ചിത്രങ്ങൾ ശരീരത്തിൽ പതിപ്പിക്കുമ്പോഴും അത് ഒരുകാലത്തും തന്റെ ശരീരത്തെക്കാൾ മുകളിലല്ല എന്ന അവളുടെ നിലപാട് സ്ത്രീ ചരിത്രത്തിൽ മായാതെ നിൽക്കും. രാജാവിന്റെ ഭാര്യയായതിന്റെ പേരിൽ അവൾ വഹിച്ചിരിക്കുന്ന പദവികളും, അവളുടെ പേരും പെരുമയും തന്റെ ശരീരത്തെക്കാൾ വലുതല്ല. ഭർത്താവായ അഹശ്വേരോശ് ഏഴു ദിവസമായി വിരു ന്നുകൾ കൊട്ടാരഉദ്യാനത്തിൽ അരങ്ങേറുമ്പോൾ വിരുന്നിന് ചന്തം കൂട്ടാൻ ഭാര്യയുടെ സൗന്ദര്യം പ്രദർശിപ്പിക്കുവാൻ രാജകല്പന ഒരു ഭാഗത്ത്. കാണാൻ കൂടുന്ന മനുഷ്യരുടെ താല്പര്യങ്ങളും ആഗ്രഹ ങ്ങളും മറുഭാഗത്ത്. ഇതിനിടയിൽ അവൾ അവളുടെ ശരീരത്തോട് എടുക്കുന്ന ശരീരം രാഷ്ട്രീയ ( Body politics) നിലപാട്...

രാജകല്പന നിഷേധിച്ചാൽ അവളുടെ അധികാരങ്ങളും അതിന്റെ അടയാളങ്ങളും നഷ്ടമാകുമെന്ന് സ്വയ ധാരണ അവൾ ക്കുണ്ട്. അധികാരത്തെക്കാൾ അവൾ തന്റെ ശരീരത്തെ താൻ തന്നെ സംരക്ഷിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ ശരീരം പ്രദർശന വസ്തു വായി തീർക്കാൻ ആഗ്രഹിക്കുന്ന സൗന്ദര്യവസ്തുക്കൾ ഏറെയുള്ള കാലത്ത് പ്രതിരോധത്തിന്റെ അടയാളങ്ങളെ കണ്ടെത്താൻ നാം മനപ്പൂർവം ശ്രമിക്കുന്നില്ല. മനുഷ്യന്റെ ശരീരത്തെ കമ്പോളത്തിൽ പ്രദർശന വസ്തുവാൻ ആഗ്രഹിക്കുന്ന രാജാക്കന്മാർ ഇന്ന് ധാരാളമുണ്ട്.

അഹശ്വേരോശ് രാജാവ് വസ്ഥി രാജ്ഞിയെ തന്റെ മുമ്പിൽ കൊണ്ടുവരാൻ ആളയച്ചു, അവൾ പോയില്ല. അവൾ പ്രദർശന വസ്തുവായി മാറാത്തതിനാൽ അവർ വേറെ ആളുകളെ അന്വേഷി ക്കുന്നു. സ്വയം പ്രതിരോധിച്ചതിനാൽ അവളെ അവർ മോശക്കാരി യാക്കുന്നു. അവരുടെ അന്യോന്യം ഉള്ള വാക്കുകൾ അവളെ പ്രതി നമ്മുടെ കുടുംബത്തിൽ കലാപം ഉണ്ടാവാൻ സാധ്യതയുണ്ട് എന്നാണ്. അതുകൊണ്ട് അവർ പറയുന്നത് രാജാവിന്റെ കൽപ്പന ഉണ്ടാകണം അങ്ങനെയുണ്ടായാൽ എല്ലാ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാരെ വലുതും ചെറുതുമായ ബഹുമാനിക്കും.

അവൾ പോയില്ല, ദൈവത്തിന്റെ പേര് ഈ പുസ്തകത്തിൽ സ്ത്രീകളുടെ പ്രതിരോധത്തിന്റെ വാക്കുകളാണ്. എസ്തർ ദൈവ ത്തിന്റെ സ്ത്രീ (വസ്ഥി) സുവിശേഷമാണ്. അങ്ങനെ അത് വസ്ഥി ദൈവരഹസ്യങ്ങളുടെ സ്ത്രീ സുവിശേഷമായി. ഒന്നോർത്താൽ സഹന വഴികളിൽ പുരുഷന്മാരെക്കാൾ അവരാണ് സഞ്ചരിച്ചിട്ടു ള്ളത് അമ്മമാർ, സഹോദരിമാർ അതെ. അവർ നിങ്ങളറിയാത്ത രഹസ്യമാണ്.

fr. ajeesh

# ശുശ്രൂഷയിൽ മഹത്വം അന്വേഷിക്കേണ്ടതില്ല

## വി. മർക്കോസ് 9:33 – 41

**ഫാ. സിബി മാത്യു വർഗീസ്**

മനുഷ്യപുത്രൻ തന്റെ മരണത്തെപ്പറ്റി മുൻകൂട്ടി പ്രഖ്യാപിക്കുകയാണ്. പക്ഷേ അവന്റെ ചങ്ങാതിമാർക്ക് ഒന്നും പിടികിട്ടിയില്ല. ശ്രദ്ധ കൊടുത്തില്ല എന്നുപറഞ്ഞാലും തെറ്റില്ല. അതങ്ങനെയല്ലേ, നമുക്ക് താൽപ്പര്യമില്ലാത്ത, അല്ലെങ്കിൽ നമ്മുടെ സന്തോഷം കെടുത്തുന്ന കാര്യങ്ങൾ ചെവിയിൽ കേട്ടാലും കേൾക്കാത്തപ്പോലെ ഇരിക്കാനല്ലേ നമുക്കിഷ്ടം. ക്രിസ്തു ഏൽക്കാനിരിക്കുന്ന പീഡയും സഹനവും മരണവുമൊന്നും അവന്റെ ചങ്ങാതിമാരുടെ ഇഷ്ടവിഷയമല്ല. എന്നും പൊതുജനശ്രദ്ധയിൽ (limelight) വിളങ്ങിനിൽക്കുന്ന ഗുരുവിനോടാണ് അവർക്ക് താത്പര്യം. ഗുരു വിളങ്ങുമ്പോൾ തങ്ങളും തിളങ്ങുമെന്ന് അവർക്കറിയാം. ഗുരുവില്ലാതെ എന്തു തിളക്കം?

യെരുശലേം ലക്ഷ്യമാക്കിയാണ് യാത്ര. യാത്രയിൽ ക്രിസ്തു ശിഷ്യന്മാർ തമ്മിൽ തർക്കത്തിലാണ്; 'ആരാണ് വലിയവൻ?'

നാടകീയമായ ഈ വാഗ്വാദം യേശുവിനെ വേദനിപ്പിച്ചു. അതിനു കാരണവുമുണ്ട്. എല്ലാവരും കരുതുന്നപ്പോലെ ശക്തനായ ഒരു മശിഹായെയാണ് (powerful Messiah) യേശുവിൽ അവരും ആഗ്രഹിച്ചത്. അതിൽ ഒരു അപകടമുണ്ട്. ശക്തനായ മശിഹായുടെ അനുയായികളും ശക്തരാകുമെന്ന് (powerful followers) ഒരു ചിന്ത അവർക്കുണ്ട്. പീഡിതനായ മശിഹായെ (suffering Messiah) അവർക്ക് ഇപ്പോളും പിടികിട്ടിയിട്ടില്ല. പീഡയേൽക്കുന്ന മശിഹായെ അനുഗമിക്കുന്നവരും (suffering follower) പീഡയേൽക്കുവാൻ നിയോഗിക്കപ്പെട്ടവരാണ്. അങ്ങനെ തന്റെ പീഡാസഹനങ്ങളിൽ പങ്കുകാരാകേണ്ടവർ തങ്ങളിൽ ആരാണ് വലിയവൻ എന്ന തർക്കത്തിൽ ഏർപ്പെടുമ്പോൾ അയാൾ ഉള്ളിൽ നൊമ്പരപ്പെടുന്നുണ്ട്. കുരിശുമരണശേഷം, തന്റെ അഭാവത്തിൽ ഈ ശുശ്രൂഷ മുന്നോട്ടു തുടരേണ്ടത് ശിഷ്യന്മാരാണ്. അവരാണ് ഇനി മുന്നിൽ നിന്നു നയിക്കേണ്ടത്. അവർക്കിടയിൽ മൂപ്പുമുറകളെ ചൊല്ലിയുള്ള ഈ തർക്കം അവരുടെ ചങ്ങാത്തത്തിലും കൂട്ടായ്മയിലും വിള്ളലുണ്ടാക്കും. പിണക്കമുണ്ടാകും അടിച്ചുപിരിയും. ഇതൊക്കെ എല്ലാകാലത്തും എല്ലാ സമൂഹത്തിലുമുണ്ട്. ആരാണ് വലിയവനെന്ന തർക്കം. പ്രത്യേകിച്ചും നിലവിലുണ്ടായിരുന്ന ഒരു നേതാവിന്റെ പെട്ടെന്നുള്ള വിയോഗത്തിൽ ഇതൊക്കെ സ്വാഭാവികം. ചിലപ്പോൾ കയ്യൂക്കുള്ളവൻ കാര്യക്കാരനാവും. ചില ബുദ്ധിമാന്മാർ താനായിരുന്നു നേതാവിന്റെ വാത്സല്യവാൻ എന്നു സമർത്ഥിച്ചു നേതൃനിരയിലേക്ക് വരും. എന്തായാലും ഈ മനോഭാവം ക്രിസ്തുശിഷ്യമാർക്ക് യോജിച്ചതല്ല. ക്രിസ്തുവിന്റെ അടിസ്ഥാന സ്വഭാവം മറന്നിട്ടുള്ള ഒരു ശുശ്രൂഷ ഫലവത്താകില്ലയെന്നു യേശുവിനറിയാം. അവൻ വന്നത് ശുശ്രൂഷിക്കുവാനാണ്, ശുശ്രൂഷ ഏറ്റുവാങ്ങുവാനല്ല. ക്രിസ്തുശിഷ്യന്റെ നിയോഗവും ശുശ്രൂഷയാണ് (ministry/ diakonia). ദാസ്യവേലയിൽ (servanthood) എന്തു വലിപ്പചെറുപ്പം. കർത്താവ് ഈ വലിപ്പത്തിനു/ മഹത്വത്തിന് (greatness) ഒരു പുതിയ മാനം കൊടുക്കുകയാണ്. മഹത്വത്തിലേക്കുള്ള പാത ദാസ്യമനോഭാവമാണ്, അധികാര മനോഭാവമല്ല. യേശു യാത്ര ചെയ്തത് ആ പാതിയിലൂടെയാണ്, ബെത്ലഹേം മുതൽ കാൽവരിവരെയും. തന്റെ ശിഷ്യന്മാരും ആ പാതയിലൂടെ തന്നെ യാത്ര ചെയ്യണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. ഗുരുവിനെക്കാൾ വിശേഷാധികാരങ്ങളും സുഖസൗകര്യങ്ങളും വേണമെന്ന് വാശിപിടിക്കുന്ന ശിഷ്യന്മാരുടെ ലോകത്താണ് നാം ജീവിക്കുന്നത്. പുരോഹിതൻ എന്നനിലയിൽ ഒരു ആത്മവിമർശനമായി കരുതിയാൽ മതി. ശുശ്രൂഷ മനോഭാവം കേവലം പൊതു പ്രദർശനത്തിനായി (public stunt) മാറിയിട്ടില്ലേ. കുനിഞ്ഞൊരു ഇലയെടുത്താലും നാലുപേരു അറിയണമെന്ന നിലയിലേക്ക് നമ്മുടെ മനോഭാവം മാറിയിരിക്കുന്നു. എല്ലാം മഹത്വം ആഗ്രഹിച്ചാണ്. (കുവൈറ്റിൽ കുറേ പാവങ്ങൾ മരിച്ചപ്പോൾ പള്ളികളിൽ പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്തു. പള്ളിക്കുള്ളിൽ ആരാധനമദ്ധ്യേ ആ ആത്മാക്കളെയും അവരുടെ പ്രിയപ്പെട്ടവരെയും ഓർത്തു പ്രാർത്ഥിക്കുന്നത് നല്ലതുതന്നെ. പക്ഷേ പള്ളിക്കു മുന്നിൽ വൈദീകന് (മേൽപ്പട്ടക്കാരന്) ഇരുവശത്തും വൃത്തിയായി നിരന്നുനിന്ന് പ്രാർത്ഥന നടത്തി ഫോട്ടോ എടുത്തു പ്രദർശിപ്പിക്കുന്നതിലെ കാപട്യം മഹത്വം ലക്ഷ്യമാക്കിയുള്ളത് മാത്രമാണ്.) അതു വേണ്ടായെന്നാണ് യേശു ആഗ്രഹിക്കുന്നത്.

ഒരു ശിശുവിനെ മടിയിലിരുത്തി കർത്താവ് അതു വിശദീകരിക്കുന്നുണ്ട്. ആ കാലത്ത് ശിശുക്കൾക്ക് സമൂഹത്തിലുള്ള പ്രസക്തി വളരെ കുറവായിരുന്നു

(unimportant). ശിഷ്യമാരുടെ മനസ്സ് മനസ്സിലാക്കിയ ഗുരു അവരോടായി പറയുകയാണ്: നിങ്ങൾ വല്യ പുള്ളികളാണെന്ന ചിന്തയൊന്നും നിങ്ങൾക്ക് വേണ്ട. തിരിഞ്ഞു ദാസ്യവേഷം കെട്ടിയാൽ മാത്രം പോരാ, അപ്രസക്തരായ/നിസ്സാരരായ ആളുകളെ മാനിക്കണം, ശുശ്രൂഷിക്കണം. അങ്ങനെയുള്ള മനുഷ്യരെ മാനിക്കുമ്പോൾ, ശുശ്രൂഷിക്കുമ്പോൾ എന്നെയാകുന്നു മാനിക്കുന്നതെന്നു യേശു പറയുന്നു. അപ്പോൾ മാനിക്കാതെയിരുന്നാലോ? യേശുവിനെ അപമാനിക്കുന്നതിനും, നിഷേധിക്കുന്നതിനും തുല്യമാണ്. ഒരിടവകയിൽ/ഒരു കുടുംബത്തിൽ ഒരേ പ്രായത്തിലുള്ള ചിലരെ സ്നേഹപൂർവ്വം അച്ചായാന്നും (ചേട്ടായീന്നും), മറ്റു ചിലരെ ഇത്തിരി ഘനത്തിൽ പേരും വിളിക്കുന്ന രീതിയൊക്കെ ഇന്നും ശിഷ്യന്മാരുടെ ഇടയിൽ ഉണ്ട് സഹോ. ഏതു പരിപാടിക്കും വേദിയിലിരിക്കാൻ കുറേപ്പേരും കസേര നിരത്താൻ മറ്റു ചിലരും ഉണ്ടാവില്ലേ. പൊതുജനശ്രദ്ധയിൽ വരുന്ന ആളുകളെയാണ് നമ്മൾ പരിഗണിക്കുക. അപ്രസക്തരായ ആളുകൾ നമ്മുടെ കാഴ്ചയിൽ ഉടക്കില്ല. അന്നുമിന്നും ആ മനോഭാവത്തെ ക്രിസ്തു അമർഷത്തോടെയാണ് നോക്കികാണുന്നത്. വെറുതേ പറയുക മാത്രമായിരുന്നില്ല. കുരിശു മരണത്തിന്റെ തലേരാത്രിയിൽ അരയിൽ തൂവാല കെട്ടി ശിഷ്യന്മാരുടെ കാലുകൾ കഴുകി തുവർത്തുമ്പോൾ, എന്താണോ ഇത്രയും കാലം പറഞ്ഞത് അതു പ്രായോഗിക തലത്തിൽ കൊണ്ടുവരികയായിരുന്നു. അതു മാത്രമല്ല, ശുശ്രൂഷാജീവിതത്തിൽ മറ്റുള്ളവർ നൽകുന്ന പരിഗണനയെപ്പറ്റി ആകുലരാവേണ്ട എന്നൊരു സന്ദേശവും കൂടി ഇതിലൂടെ നൽകുകയാണ്. ഗുരു പലപ്പോഴും അവരെ വിളിക്കുന്നത് കുഞ്ഞുങ്ങൾ എന്നാണ്. 'നിങ്ങളെ കൈകൊള്ളുന്നവൻ എന്നെയും കൈകൊള്ളുന്നു, നിങ്ങളെ നിഷേധിക്കുന്നവൻ എന്നെത്തന്നെയാണ് നിഷേധിക്കുന്നതെന്നും' പറയുമ്പോൾ ഒരുതരത്തിൽ ആശ്വാസ വാക്കുകൾ ആണ്. പരിഗണനയെ പറ്റി നിങ്ങൾ ആകുലരാവേണ്ടാ, എനിക്ക് കിട്ടുന്ന പരിഗണന നിങ്ങൾക്കും കിട്ടും അത്രതന്നെ.

അവരുടെ അഹന്തയെയും (ego), വലിയവൻ ആകാനുള്ള മനോഭാവത്തെയും വെളിവാക്കുന്ന മറ്റൊരു സംഭവം കൂടി നടക്കുന്നുണ്ട്. യേശുവും, ശിഷ്യന്മാരും അടങ്ങുന്ന തങ്ങളുടെ ഈ ചെറിയ കൂട്ടത്തിൽ ഇല്ലാത്തൊരാൾ ഭൂതങ്ങളെ പുറത്താക്കുന്നു. അതും യേശുവിന്റെ നാമത്തിൽ. സമീപകാലത്തു തങ്ങൾ പരാജയപ്പെട്ട സംഗതിയാണിത്. രാപ്പകൽ യേശുവിന്റെ കൂടെ നടന്നിട്ട് നമ്മുക്ക് കഴിയാത്ത ഒരു കാര്യം വേറൊരുത്തൻ ചെയ്ത് വിലസുമ്പോൾ അതു വല്ലാതെ അവരുടെ അഹത്തെ പരിക്കേൽപ്പിക്കുന്നുണ്ട്. അരുമ ശിഷ്യൻ അയാളെ വിലക്കുന്നു. ഗുരുവിന്റെ മാറോട് ചേർന്നു കിടന്നുറങ്ങിയിട്ടും തനിക്കു കഴിയാത്ത കാര്യം കൂട്ടത്തിൽ ഇല്ലാത്ത ഒരുവൻ ചെയ്തു വിജയിക്കുന്നത് യോഹന്നാനെ വല്ലാണ്ട് ചൊടിപ്പിക്കുന്നുണ്ട്. പക്ഷേ യേശു അവരെ ശാസിക്കുന്നു. 'അയാളെ തടയരുത്, എന്റെ നാമത്തിൽ അത്ഭുതം പ്രവർത്തിക്കുന്ന ഒരാൾക്ക് അടുത്ത നിമിഷത്തിൽ എന്നെ ദുഷിച്ചു പറയാൻ സാധ്യമല്ല'. ഒരു സമയത്ത് കർത്താവിന്റെ നാമത്തിൽ ശുശ്രൂഷ ചെയ്യുകയും, മറ്റൊരു സമയം അവനെ തള്ളിപ്പറയുകയും ചെയ്യുന്നത് ഒരു യഥാർത്ഥ ശിഷ്യന് യോജിച്ചതല്ല എന്നാണ് അവൻ പറയുന്നത്. ക്രിസ്തു ശിഷ്യത്വത്തിൽ ഒരു middle path (ഇടയിലൂടെ ഒരു വഴിയില്ല) ഇല്ലാ. അനുകൂലമാണെങ്കിൽ അനുകൂലമാണ്, അല്ലാത്തവരെല്ലാം പ്രതികൂലമാണ്. നമ്മുടെ സൗകര്യങ്ങൾക്ക് അനുസരിച്ചു ശിഷ്യത്വം ആസൂത്രണം (design) ചെയ്യാൻ കഴിയില്ല. ശിഷ്യൻ എന്നും ശിഷ്യനാണ്, പിന്നെ അയാൾക്ക് ഒരു സ്വഭാവമേയുള്ളു, ക്രിസ്തു സ്വഭാവം. അതുകൊണ്ടാണ്, കലപ്പയ്ക്ക് കൈ വെയ്ച്ചിട്ട് തിരിഞ്ഞു നോക്കരുതെന്നൊക്കെ അവൻ പറഞ്ഞത്. പ്രതിസന്ധികൾ ഉണ്ടാകും, ലോകം മുഴുവൻ പ്രതികൂലമാകാം. പക്ഷേ വിളിച്ചവന്റെ വിളിയിൽ വിശ്വസ്ഥതയോടെ ശുശ്രൂഷ ചെയ്യുവാൻ സാധിക്കണം. ശിഷ്യനെന്ന പരിഗണനയിൽ ആരെങ്കിലും ഇത്തിരി വെള്ളം തന്നാൽ അവനു അതിന്റെ പ്രയോജനമുണ്ടാകും. അതു നിന്റെ വിഷയമല്ല. അവനു പ്രതിഫലം വേണമെങ്കിൽ ശിഷ്യനെ കരുതട്ടെ. ഗുരുവിൽ വിശ്വസിക്കുക, എക്കാലവും നല്ല ശിഷ്യനായിരിക്കുക, അത്രതന്നെ. എന്നാൽ പരിഗണനക്കു വേണ്ടി വലിമ കാണിക്കാൻ ശ്രമിച്ചാൽ സ്വയം അപഹാസ്യനാവാം, അല്ലാതെന്തു ഗുണം...

## അറിയിപ്പ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നും ഇക്കഴിഞ്ഞ S.S.L.C., +2 പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സായ കുട്ടികളെ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആദരിക്കുന്നു. ആയതിലേക്ക് ഓരോ ഇടവകകളിൽ നിന്നും മേൽപറഞ്ഞ പരീക്ഷകളിൽ ഉയർന്ന ഗ്രേഡ് വാങ്ങി പാസ്സായ കുട്ടികൾ അവരുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി ഒ.സി.വൈ.എം. ഭദ്രാസന സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/07/2024
Price Rs. 10/-



*9-ാം പേജ് തുടർച്ച*

**ഭാഷയും അധികാരവും**

ഭാഷാ എക്കാലവും ഒരു മാധ്യമവും അടയാളവും സ്വത്വവുമാണ്. ഇന്ന് ഭാഷകളെയും അതിന്റെ സംവേദന ഉപാധികളെയും നിരന്തരം പുനരാവിഷ്കരിക്കുന്നത് ആധുനിക സാങ്കേതികവിദ്യയും അതുമായി ബന്ധപ്പെട്ട മാധ്യമലോകവുമാണ്. ഈ മേഖലയിൽ ഇന്ന് സ്ഫോടനാത്മകമായ മാറ്റങ്ങൾ നടന്നുവരുന്നു. സാധാരണ അച്ചടി-ദൃശ്യ ഭാഷകൾക്കൊക്കെ അതീതമായി ഒരു ഡിജിറ്റൽ ഭാഷ നിലവിൽ വന്നുകൊണ്ടിരിക്കുകയാണിപ്പോൾ. ഗൂഗിളിന്റെ വിവിധ പരീക്ഷണങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (A.I.) വിവിധ വെർഷനുകളും എല്ലാം കൂടിച്ചേർന്ന് ഈ മേഖലയെ നാളിതുവരെ ഇല്ലാത്തവിധം മാറ്റിയിരിക്കുന്നു. എല്ലാ ഭാഷകളും ഇന്ന് പഠിക്കണമെന്നോ അറിയണമെന്നോ ഇല്ല, ഇതിനെയെല്ലാം അതിജീവിക്കുന്ന മറ്റൊരു തലം ഇന്ന് രൂപപ്പെട്ടുകഴിഞ്ഞു.

ഭാഷയും ഭാഷകളുടെ ഉപയോഗവും അധികാരവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് ഭാഷ കലക്കികളയുമ്പോൾ ഗോപുരം പണി നിന്നുപോകുന്നത്. ഇവിടെ ഭാഷകളുടെ അധികാരി ദൈവം ആണെന്ന് മാത്രം. 'ഇംഗ്ലീഷ്' അധിനിവേശ ഭാഷയായും സാമ്രാജ്യത്വബിംബമായും ഇന്നും കാണുന്നുണ്ട്. തമിഴ് ദ്രാവിഡസ്വത്വത്തിന്റെ അടയാളമായി വാഴ്ത്തുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നതാണ്. ഇതിനെല്ലാം കാരണം ഭാഷയും മതവും അധികാരവുമെല്ലാം ഇഴപിരിയാതെ നിലകൊള്ളുന്നു എന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ രീതിയിലാണ് സംവേദനങ്ങൾ ക്രമീകരിക്കപ്പെടുന്നതെങ്കിൽ ഭാഷകളും ഭാഷകളുടെ ഉത്പ്പന്നമായ ഭാവനയും സംവേദനത്തിന്റെ ലോകവും നാം പ്രതീക്ഷിക്കാത്ത മറ്റൊരു ഘട്ടത്തിലേക്ക് കടക്കും എന്നതിന് സംശയം വേണ്ട.

പഴയനിയമത്തിൽ ആകാശത്തോളം എത്തുന്ന ബാബേൽ ഗോപുര നിർമ്മാണവും ഭാഷ കലക്കികളയലും (ഉല്പ. 11:1-9) ബാബിലോണിയൻ നാഗരികതയെക്കുറിച്ചും അവിടെ ഉത്ഭവിച്ച ഭാഷകളെക്കുറിച്ചുമാണ് പറയാൻ ശ്രമിക്കുന്നത് എന്നാണ് ബൈബിൾ പണ്ഡിതന്മാർ അവകാശപ്പെടുന്നത്. ഭാഷയെ നിലനിർ ത്തിയും പരിപോഷിപ്പിച്ചും മാത്രമേ വളർച്ച സാധ്യമാകൂ എന്ന സന്ദേശം അതിൽ ഉൾച്ചേരുന്നുണ്ട്. അതുകൊണ്ടാണ് ഭാഷയ്ക്കതീതമായും അതിനെ രൂപാന്തരപ്പെടുത്തിയും ദൈവാത്മാവിന്റെ ഭാഷണം പെന്തക്കോസ്തിയിൽ ഉണ്ടാകുന്നത്. അവിടെ ജനതകൾ മുഴുവനും ഒരുപോലെ ദൈവത്തിന്റെ വൻകാര്യങ്ങളെ മനസ്സിലാക്കുന്നവരായിത്തീർന്നു എന്ന് രേഖപ്പെടുത്തുന്നു.

സംവേദനക്ഷമത വർദ്ധിപ്പിച്ച ഡിജിറ്റൽ യുഗത്തിലാണ് നാം ജീവിക്കുന്നത്. ഇത് പലപ്പോഴും അറിവിന്റെയും സംവേദനത്തിന്റെയും തലത്തിൽ ലോകത്തെ മുഴുവൻ ഒറ്റ ഗ്രാമമാക്കി മാറ്റാൻ കഴിവുള്ളതായിരിക്കും. എന്നാൽ ആത്മാവിന്റെ ഭാഷ അതല്ല, ഹൃദയത്തിന്റെ തുടിപ്പും രക്ഷയുടെ സന്തോഷവുമാണ് അത്. നമുക്ക് ഡിജിറ്റൽ ഭാഷകളെ ആത്മഭാഷയിലേക്ക് ഭാഷാന്തരം ചെയ്യാം. അവിടെ അതിന് ജീവന്റെ മണവും നനവും സ്നേഹത്തിന്റെ ഊഷ്മളതയും ഉണ്ടാകും. അതില്ലാത്ത ഭാഷ ചന്തയിലെ ഒരു ചരക്ക് മാത്രമാകും നിശ്ചയം.

**നേതൃത്വപരിശീലന ക്യാമ്പ്**

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജം, എൽഡേഴ്സ് ഫോറം, യുവജനപ്രസ്ഥാനം എന്നീ ആദ്ധ്യാത്മിക സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ പ്രസ്ഥാനങ്ങളുടെ നേതൃനിരയിൽ പ്രവർത്തിക്കുന്ന പ്രവർത്തകർക്കുവേണ്ടി നേതൃത്വപരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. 'Foundation of Christian Leadership: Insights for Lay Ministry' എന്നതാണ് ക്യാമ്പിന്റെ മുഖ്യ ചിന്താവിഷയം. 2024 ജൂലൈ 16 ചൊവ്വാഴ്ച മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വച്ചാണ് മീറ്റിംഗ് നടക്കുന്നത്. അന്നേദിവസം രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന പരിപാടി കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. വിവിധ പ്രസ്ഥാനങ്ങളുടെ ഭദ്രാസനതല ഭാരവാഹികളും വൈദികരും ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകും. ഉച്ചകഴിഞ്ഞ് 3.30 ന് പരിപാടികൾ സമാപിക്കും.

**വൈദിക പഠനസദസ്സ്**

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കുമായി എല്ലാ മാസവും നടത്തിവരുന്ന വൈദിക പഠനസദസ്സ് ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച പാമ്പാക്കുട സമന്വയ സെന്ററിൽ വച്ച് നടന്നു. അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗ് രാവിലെ 10 മണിക്ക് ആരംഭിച്ചു. ഫാ. അബി ഉലഹന്നാൻ, ഫാ. ജിജോ മത്തായി എന്നിവർ വേദപഠനങ്ങൾ നടത്തി. തുടർന്ന് വിശുദ്ധ മാമ്മോദീസായെ സംബന്ധിച്ചുള്ള പഠനവും ചർച്ചയും നടന്നു.

Printed and published by Fr. Abraham Karamel, Secretary, Kandand East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426